Legislative Business

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, 2026-ലെ സരൾ (സിംപ്ലിഫൈഡ് & ആക്സിലറേറ്റഡ് റെഗുലേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിങ്) കേരളം ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, 2026-ലെ സരൾ (സിംപ്ലിഫൈഡ് & ആക്സിലറേറ്റഡ് റെഗുലേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിങ്) കേരളം ബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഒബ്ജക്ഷനിൽ പല കാര്യങ്ങളും വ്യക്തമാക്കിയിരുന്നെങ്കിലും ഒന്നുരണ്ട് കാര്യങ്ങൾ കൂടി ഇവിടെ കൂട്ടിച്ചേർക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ ബിൽ എന്തിനാണ്

ഇവിടെ കൊണ്ടുവരുന്നതെന്ന് ചിലർ ചോദിക്കുകയുണ്ടായി. എന്നാൽ, ഈ ബില്ലിലൂടെ ഉണ്ടാകാൻ പോകുന്ന വലിയ അവസരങ്ങളെക്കുറിച്ച് നമ്മൾ ഗൗരവമായി ചിന്തിക്കേണ്ടതുണ്ട്. സാങ്കേതികവിദ്യ ഒരു വലിയ വിസ്ഫോടനം സൃഷ്ടിച്ചുകൊണ്ട് മനുഷ്യജീവിതത്തിൽ വൻ മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. അഭ്യസ്തവിദ്യരായ ഒരുപാട് ജനങ്ങളുള്ള കേരളത്തിൽ ഇതിലൂടെ ഉയർന്നുവരുന്ന അവസരങ്ങൾ നിരവധിയാണ്. ഇത്തരമൊരു അനുകൂല സാഹചര്യം ഇവിടെയുള്ളപ്പോൾത്തന്നെ, കഴിഞ്ഞ ദശകങ്ങളിലെല്ലാം മികച്ച അവസരങ്ങൾ തേടി നമ്മൾ വിദേശങ്ങളിലേക്ക് പോകുമായിരുന്നു. അത്തരത്തിൽ അവസരങ്ങൾ തേടി പുറത്തേയ്ക്ക് പോകുന്നതിൽ വന്നുകൊണ്ടിരിക്കുന്ന വെല്ലുവിളികൾ നമ്മുടെ മുന്നിലുണ്ട്. മികച്ച ഒരു ടെക്നോളജി സമൂഹവും സാങ്കേതികവിദ്യ നന്നായി അറിയാവുന്ന യുവതലമുറയും ഇന്ന് നമുക്കുണ്ട്. പുതിയ സാങ്കേതികവിദ്യകൾ മാറ്റങ്ങളെല്ലാം ഇവിടെത്തന്നെ സാധ്യമാക്കുന്നുമുണ്ട്. ഇത്രയും വലിയ സാധ്യതകളുള്ള നമ്മുടെ സംസ്ഥാനം വ്യവസായത്തിന് ഏറ്റവുമധികം ഡിമാന്റുള്ള

ഒരിടമായി അതിവേഗം മാറിയിരിക്കുകയാണ്. വ്യവസായ വകുപ്പിന്റെ ചുമതല ഞാൻ മുമ്പും വഹിച്ചിട്ടുണ്ട്. എന്നാൽ അന്നൊന്നും കാണാത്ത രീതിയിലുള്ള വലിയൊരു ഉത്സാഹമാണ് ഇൻവെസ്റ്റ്മെന്റ് രംഗത്ത് ഇപ്പോൾ കാണുന്നത്. അതിനുള്ള ഒരുകാരണം സാങ്കേതിക വിദ്യയിലുണ്ടായ ഉയർച്ച തന്നെയാണ്. പുതിയ സാങ്കേതിക വിദ്യകൾക്കനുസൃതമായ വലിയ നിക്ഷേപ സാധ്യതകളാണ് ഇന്ന് കേരളത്തിലേക്ക് വരുന്നത്. അത്തരം നിക്ഷേപങ്ങൾക്ക് നിലവിലുള്ള നിയമങ്ങൾ തടസ്സമാണെങ്കിൽ ആ നിയമങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താൻ അധികാരമുള്ള സഭയാണിത്. ആ അധികാരം നമ്മൾ ഉപയോഗിക്കുക തന്നെ വേണം, അതാണ് ഞങ്ങൾ ഇവിടെ ചെയ്യുന്നത്.

അന്താരാഷ്ട്ര നിലവാരമുള്ള മികച്ചൊരു പോർട്ട് (വിഴിഞ്ഞം) നമുക്കിന്ന് യാഥാർഥ്യമായിട്ടുണ്ട്. ഒരു പോർട്ടിന്റെ പ്രാധാന്യവും സാധ്യതകളും എത്രത്തോളമാണെന്ന് ഹോർമുസ് കടലിടുക്കിന്റെ കാര്യത്തിലൂടെ ഇന്ന് ലോകം കണ്ടുകൊണ്ടിരിക്കുകയാണ്. അത്തരത്തിലുള്ള തന്ത്രപ്രധാനമായ കടലിടുക്കിനുവേണ്ടിയാണ് ലോകം ഇന്ന് യുദ്ധം ചെയ്യുന്നത്. ഹോർമുസ്

പാത അടഞ്ഞപ്പോൾ അതിലൂടെ പോകേണ്ട കപ്പലുകൾ വഴിതിരിച്ചുവിടേണ്ടി വന്നതും അതുകൊണ്ടുണ്ടായ വലിയ പ്രതിസന്ധിയുമാണ് ഇന്ന് ലോകം കണ്ടുകൊണ്ടിരിക്കുന്നത്. എന്നാൽ വിഴിഞ്ഞത്തുനിന്നും തടസ്സങ്ങളില്ലാതെ നേരെ യൂറോപ്പിലേക്കും മറ്റ് രാജ്യങ്ങളിലേയ്ക്കും പോകാൻ സാധിക്കും. വിഴിഞ്ഞം തുറമുഖം കേരളത്തിന് വലിയൊരു സാധ്യതയാണ്. നമ്മുടെ പരമ്പരാഗത വ്യവസായങ്ങളെ ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ആധുനികവൽക്കരിച്ചാൽ ഇവിടത്തെ ബാലരാമപുരം കൈത്തറിയും കരകൗശല ഉൽപന്നങ്ങളുമെല്ലാം വലിയ തോതിൽ വിദേശ വിപണികളിൽ എത്തിക്കാൻ സാധിക്കും. ഈ സാധ്യതകൾ മുന്നിൽക്കണ്ട് പോർട്ട് അധിഷ്ഠിത വ്യവസായങ്ങൾക്കും ലോജിസ്റ്റിക്സിനുമായി ലോകത്തെ വൻകിട കമ്പനികളെല്ലാം കേരളത്തെ സമീപിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാവർക്കും വിഴിഞ്ഞത്ത് സ്ഥലം വേണം. എന്നാൽ നിർഭാഗ്യവശാൽ, വിഴിഞ്ഞത്ത് സർക്കാരിന്റെ കൈവശം ആവശ്യത്തിന് സ്ഥലമില്ല. സർക്കാർ അത് അടിയന്തരമായി ലഭ്യമാക്കാനുള്ള ശ്രമങ്ങളിലാണുള്ളത്. സ്ഥലം ലഭ്യമായാൽ ലോകത്തെ പ്രമുഖ കാർ നിർമ്മാണ കമ്പനികൾക്കുപോലും

ഇവിടെ നിക്ഷേപം നടത്താൻ കഴിയും. അത്രയധികം സാധ്യതകളുള്ള ഒരു പോർട്ടാണ് വിഴിഞ്ഞം. ഈ മാറിയ സാഹചര്യത്തിൽ കേരളത്തിൽ വലിയ വ്യവസായ സാധ്യതകളാണുള്ളതെന്ന് നമ്മൾ തിരിച്ചറിയണം. നോളജ് സൊസൈയും മികച്ച തുറമുഖവുമുള്ള കേരളം വലിയ ഇൻവെസ്റ്റ്മെന്റ് ഹോട്ട്സ്പോട്ടായി മാറിയിരിക്കുകയാണ്. അതിനാൽ ഇവിടെനിക്ഷേപം നടത്തുന്നതിനുള്ള തടസ്സങ്ങൾ മാറ്റിക്കൊടുക്കേണ്ടത് അനിവാര്യമാണ്. അപ്രൂവലിനായി വരുന്ന വ്യക്തി അപ്രൂവൽ ലഭിക്കാതെ നിരാശരായി മടങ്ങുന്ന സ്ഥിതി മാറണം. അതുകൊണ്ടാണ് 25 കോടി രൂപയ്ക്ക് മുകളിൽ അൻപത് കോടി രൂപ വരെ മൂലധന നിക്ഷേപമുള്ള സംരംഭങ്ങൾക്ക് ജില്ലാതല സംവിധാനത്തിലൂടെയും 50 കോടി രൂപയ്ക്ക് മുകളിൽ മൂലധന നിക്ഷേപമുള്ള സംരംഭങ്ങൾക്ക് സംസ്ഥാനതല സംവിധാനത്തിലൂടെയും ഒരു നിയമവും ബൈപാസ് ചെയ്യാതെ നിശ്ചിത സമയത്തിനുള്ളിൽ ആവശ്യമായ സർട്ടിഫിക്കറ്റുകൾ നൽകാൻ അധികാരമുള്ള സ്റ്റാറ്റ്യൂട്ടറി അതോറിറ്റി രൂപീകരിക്കുന്നത്. നമുക്ക് ഇത്തരത്തിലുള്ള പല കാര്യങ്ങളും ഇനിയും ചെയ്യേണ്ടതുണ്ട്. ഇവിടെ ഇൻവെസ്റ്റ്മെന്റൊന്നും കൊണ്ടുവന്നില്ലെങ്കിൽ

വരുംതലമുറ ബുദ്ധിമുട്ടിലാകും; ലോകത്ത് എവിടെയും പഴയതുപോലുള്ള അവസരങ്ങൾ ലഭിക്കുകയില്ല. അതുകൊണ്ട് നമ്മുടെ അവസരങ്ങൾ നമ്മൾതന്നെ സൃഷ്ടിക്കണം. വ്യവസായവൽക്കരണത്തിന്റെ ഭാഗമായുള്ള നിരവധി ബസുകൾ നമുക്ക് മിസ്സായിട്ടുണ്ട്. ഇനിയും ബസ് മിസ്സായാൽ അപകടം സംഭവിക്കും. അതിനാൽ നാം അവസരത്തിനൊത്ത് ഉയർന്നേ മതിയാകൂ. അതുകൊണ്ടാണ് സിംപ്ലിഫിക്കേഷൻ പ്രൊസീജ്വറിന്റെ ഭാഗമായി വൺ സ്റ്റേറ്റ്, വൺ അപ്രൂവൽ, വൺ ഡോക്യുമെന്റ് എന്ന വിപ്ലവകരമായ തീരുമാനത്തിന് നിയമപരിഷ്കാരം കൊണ്ടുവരുന്നത്. ഈ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർഥിക്കുന്നു.

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u>: സർ, '2026-ലെ സരൾ (സിംപ്ലിഫൈഡ് & ആക്സിലറേറ്റഡ് റെഗുലേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിംഗ്) കേരളം ബിൽ' പൊതുജനാഭിപ്രായം ആരായുന്നതിനായി 15-12-2027 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

വൺ സ്റ്റേറ്റ്, വൺ അപ്രൂവൽ, വൺ ഡോക്യുമെന്റ് എന്ന സംവിധാനം നമ്മുടെ സംസ്ഥാനം അങ്ങേയറ്റം ആഗ്രഹിക്കുകയാണ്. ഇവിടെ

സൂചിപ്പിച്ചതുപോലെ, ഏവിയേഷൻ ഹബ്ബും പോർട്ട് സിറ്റിയും പോലുള്ള നിരവധി നൂതന മേഖലകളിലേക്ക് കടക്കാനാഗ്രഹിക്കുന്ന ഒരു ഗവൺമെന്റാണ് ഈ സംസ്ഥാനം ഭരിച്ചുകൊണ്ടിരിക്കുന്നത്. വ്യവസായ മേഖലയിൽ നിരവധി വികസന സാധ്യതകൾ തുറന്നുകിടക്കുന്ന സന്ദർഭമാണിത്. സംരംഭങ്ങൾ ആരംഭിക്കാനും തുടർന്നുകൊണ്ടുപോകാനും വികസിപ്പിക്കാനും കൂടുതൽ മോഡിഫിക്കേഷൻ വരുത്തുന്നതിനും ഉന്നതമായ ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള സൗകര്യങ്ങൾ ഇതുവഴി ലഭിക്കുകയാണ്. അതോടൊപ്പം ലൈസൻസ്, നിയമപരമായ സർട്ടിഫിക്കറ്റുകൾ, ക്ലിയറൻസ് എന്നിവ വളരെ വേഗത്തിൽ ലഭിക്കുന്നതിനുള്ള സഹായം ഇതുവഴി വന്നുചേരുകയാണ്. സംരംഭകർക്ക് ആവശ്യമായിട്ടുള്ള എല്ലാ അനുമതികളും ഒരൊറ്റ കേന്ദ്രത്തിലൂടെ വിവിധ വകുപ്പുകളെ ഏകീകരിച്ചുകൊണ്ട് ലഭ്യമാക്കുന്ന ഒരു സംവിധാനമാണ് ഈ അതോറിറ്റി രൂപീകരിക്കുന്നതുവഴി ഗവൺമെന്റ് ലക്ഷ്യമിടുന്നതെന്ന് മനസ്സിലാക്കുകയാണ്. വ്യവസായങ്ങൾ ആരംഭിക്കുന്നതിനും സുഗമമായ നടത്തിപ്പിനും വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട 19-ഓളം അപ്രൂവലുകളും

ലൈസൻസുകളും ആവശ്യമാണ്. ഇവയെല്ലാം ഒരൊറ്റ അതോറിറ്റിയുടെ കീഴിൽ കൊണ്ടുവരുമ്പോൾ വളരെ വേഗത്തിൽ സംരംഭം ആരംഭിക്കാൻ സാധിക്കും. അതിനായി വിവിധ കോർപ്പറേഷനുകൾ, വകുപ്പുകൾ എന്നിവയെ ഏകോപിപ്പിച്ചുകൊണ്ടുള്ള നീക്കമാണ് നടത്തിയിട്ടുള്ളത്. ഇതിന്റെ ഏകോപന ചുമതല കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. നിലവിൽ ഈ കടമ്പകൾ കടക്കാനുള്ള ബുദ്ധിമുട്ടുകളെ സംബന്ധിച്ച് എല്ലാവർക്കുമറിയാം. ഒരു സംരംഭകൻ ഒരു യൂണിറ്റ് ആരംഭിക്കാനായി മുന്നോട്ടുവരുമ്പോൾ എത്ര ഓഫീസുകളാണ് കയറിയിറങ്ങേണ്ടി വരുന്നത്? കെട്ടിടങ്ങളുടെ ലൈസൻസ് ലഭിക്കാനും അതിന്റെ നിർമ്മാണപ്രവർത്തനത്തിന്റെ ഓരോ ഘട്ടത്തിലും ആവശ്യമായ പെർമിറ്റ് വാങ്ങിക്കാനും ഇതുസംബന്ധിച്ച പെറ്റീഷനുകൾ നൽകാനുമൊക്കെ പല പ്രാവശ്യം പഞ്ചായത്ത്/മുനിസിപ്പാലിറ്റിയിൽ കയറി ഇറങ്ങുന്നതിനുള്ള ബുദ്ധിമുട്ടുകൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. ലോൺ എടുത്തോ അല്ലെങ്കിൽ മറ്റേതെങ്കിലും തരത്തിലോ സംരംഭങ്ങൾക്കുള്ള മൂലധനം കണ്ടെത്തിയാലും ഇത്തരത്തിൽ പല തവണ ഓഫീസുകളിൽ

കയറിയിറങ്ങേണ്ടി വരുമ്പോൾ പലപ്പോഴും സംരംഭകർ നിരാശരാകുകയാണ്. ഇത് സംസ്ഥാനത്ത് ദൈനംദിനം കണ്ടുകൊണ്ടിരിക്കുന്ന കാഴ്ചയാണ്. ഒന്നര ലക്ഷത്തോളം ചെറുകിട സംരംഭകർ നമ്മുടെ സംസ്ഥാനത്തുണ്ട്. ഇവരെല്ലാം സ്വന്തം അനുഭവങ്ങൾ വിവരിക്കുന്നത് കേൾക്കുമ്പോൾ പുതിയ സംരംഭകൻ മുന്നിലേക്കുവരാത്ത സാഹചര്യമാണ് കാണാൻ സാധിക്കുന്നത്. ഓഫീസുകൾ കയറിയിറങ്ങി പെർമിറ്റ് ലഭിക്കാതെ വരുമ്പോൾ, വേണ്ടത്ര രേഖകൾ ലഭിക്കാതെ വരുമ്പോൾ നിരാശരായി ചില ആളുകൾ ആത്മഹത്യയുടെ വക്കിൽ എത്തിയിട്ടുണ്ട്, ചിലർ ആത്മഹത്യ ചെയ്തിട്ടുമുണ്ട്. ഇത് സംസ്ഥാനം നേരിടുന്ന അതീവ ഗുരുതരമായ പ്രശ്നമാണ്. ഈ സന്ദർഭത്തിൽ തന്നെയാണ് മറ്റൊരു കാര്യം കാണേണ്ടത്, വ്യവസായത്തിന് ഇപ്പോൾ ഒരുവിധം അനുകൂലമായ സാഹചര്യം കേരളത്തിലുണ്ട്. പ്രകൃതിയാൽ വളരെയധികം അനുഗൃഹീതമായ സംസ്ഥാനമാണ് കേരളം. ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ ഏവിയേഷൻ ഹബ്ബുകൾ, പോർട്ട് സിറ്റികൾ, മാരിടൈം ഹബ്ബുകൾ എന്നിവ രൂപംകൊള്ളുന്ന സന്ദർഭത്തിൽ ഒട്ടനവധി ആളുകൾ നമ്മുടെ സംസ്ഥാനത്ത് സംരംഭകരാകാൻ ആഗ്രഹിക്കുന്നുണ്ട്. അവരെ

സഹായിക്കുകയെന്നത് സംസ്ഥാനത്തിന്റെ ഏറ്റവും വലിയ കർത്തവ്യമാണ്. വിവര സാങ്കേതിക വിദ്യയിൽ വിദഗ്ധരായ യുവജനങ്ങളുടെ എണ്ണം സംസ്ഥാനത്ത് വളരെ കൂടുതലാണ്. അത് ചെറിയ സംഖ്യയല്ല. അതോടൊപ്പം റോബോട്ടിക്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഇലക്ട്രിക് വെഹിക്കിൾ നിർമ്മാണവുമായി ബന്ധപ്പെട്ട മേഖലകൾ, ബയോ ടെക്നോളജി മേഖല തുടങ്ങിയവയിൽ വലിയ നേട്ടങ്ങൾ കൈവരിക്കുന്ന ആളുകളുണ്ട്. ഇവയിൽ പഠനം പൂർത്തിയാക്കി നിൽക്കുന്ന നിരവധി കുട്ടികളുണ്ട്. ഇവിടെ ഇത്തരത്തിലൊരു സംരംഭം തുടങ്ങാനുള്ള സാഹചര്യമില്ലാത്തതുകൊണ്ട് ഇവരെല്ലാം വിദേശരാജ്യങ്ങളിലേക്ക് പോകുകയാണ്. അവിടെയും സ്ഥിതി അത്രമാത്രം ഗുണപ്രദമാണെന്ന് പറയാൻ കഴിയുകയില്ല. എന്നാൽ വളരെ വലിയ നിലയിലുള്ള വിദഗ്ധരുടെ കൊഴിഞ്ഞുപോക്ക് സംസ്ഥാനം നേരിടുകയാണ്. ഈ ബ്രെയിൻ ഡ്രെയിൻ തടയേണ്ടത് നമ്മുടെ കാലഘട്ടത്തിന്റെ ഏറ്റവും വലിയ ആവശ്യമാണ്. ഇത്തരം സംരംഭങ്ങൾ ഇവിടെ തുടങ്ങാനുള്ള സാധ്യതകൾ പലപ്പോഴും അടയുന്നതുകൊണ്ടാണ് ബ്രെയിൻ ഡ്രെയിനുണ്ടാകുന്നത്. ഒന്നുകിൽ വിദേശ

രാജ്യങ്ങളിലെ വലിയ കമ്പനികൾക്ക് ഇത്തരത്തിലുള്ള സംവിധാനങ്ങൾ ഇവിടെ തുടങ്ങാനുള്ള അനുവാദം നൽകണം. അല്ലെങ്കിൽ ഇത്തരത്തിൽ സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്ന ആളുകൾക്കാവശ്യമായ സഹായം ചെയ്തുകൊടുക്കാനുള്ള സംവിധാനം ഒരുക്കണം. കാലം മാറി, ലോകം മാറി. അതിനനുസരിച്ച് സംസ്ഥാനത്ത് കാതലായ മാറ്റം ആവശ്യമാണ്. നമ്മൾ വ്യവസായ സംരംഭങ്ങളെ ഉയർച്ചയിലേക്ക് കൊണ്ടുവരാൻ ആഗ്രഹിക്കുന്നു, ഇത്തരത്തിലുള്ള അതോറിറ്റികൾ രൂപീകരിക്കാൻ ആഗ്രഹിക്കുന്നു. എന്നാൽ കേരളത്തിൽ വലിയ പ്രശ്നങ്ങളുണ്ടെന്ന് എല്ലാവർക്കും അറിയാം. വളരെ പെട്ടെന്നുണ്ടാകുന്ന അനാവശ്യ സമരങ്ങളും അപ്രഖ്യാപിത ഹർത്താലുകളും സംരംഭകരെ മാനസികമായി വിഷമിപ്പിക്കുകയും വലിയ രീതിയിൽ ബുദ്ധിമുട്ടുണ്ടാക്കുകയും ചെയ്യുന്നു. അത്തരം നിരവധി അനുഭവങ്ങൾ നമ്മുടെ മുമ്പിലുണ്ട്. ഇവയെല്ലാം നിർത്തലാക്കേണ്ട സമയമാണ്. സംരംഭം ആരംഭിക്കാൻ ആഗ്രഹിക്കുന്ന ആളുകൾക്ക് വളരെ സുഖമായി മുന്നോട്ടുപോകണമെന്നുണ്ടെങ്കിൽ നമ്മുടെ ഇത്തരം സംസ്കാരത്തിന് മാറ്റം വരുത്തേണ്ടതായിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്തും വിവരസാങ്കേതിക

മേഖലയിലും യുവജനങ്ങൾ കൈവരിച്ച അസാമാന്യമായ വളർച്ച കാണാതെ പഴയ രീതിയിലുള്ള കാര്യങ്ങൾ തുടർന്നുപോയാൽ മുന്നോട്ടുപോകാൻ കഴിയാത്ത സാഹചര്യമാണ് വന്നുചേരുക. ഒൻപത് വകുപ്പുകളുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ ഏകോപനമാണ് ഈ ബില്ലിലൂടെ കൊണ്ടുവരാൻ ആഗ്രഹിക്കുന്നത്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, തൊഴിൽ, അഗ്നിരക്ഷാ സേവനം, വനം, വ്യവസായം, ജലസേചനം ഉൾപ്പെടെയുള്ള വകുപ്പുകൾ ഏകോപിച്ചുകൊണ്ടാണ് അതോറിറ്റി രൂപീകരിക്കുന്നത്. ഈ ബില്ലിലെ വ്യവസ്ഥകൾ പ്രകാരം 25 കോടി രൂപയ്ക്ക് മുകളിൽ 50 കോടി രൂപ വരെ മൂലധന നിക്ഷേപമുള്ള സംരംഭങ്ങൾക്ക് ജില്ലാതല അതോറിറ്റിയും 50 കോടി രൂപയ്ക്കുമുകളിൽ മൂലധന നിക്ഷേപമുള്ള സംരംഭങ്ങൾക്ക് സംസ്ഥാനതല അതോറിറ്റിയുമാണ് അനുമതി ലഭ്യമാക്കുന്നത്. 25 കോടി രൂപ മുടക്കി സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്ന ആളുകൾക്കുകൂടി ഇത്തരത്തിലുള്ള ഒരു അതോറിറ്റിയിൽ അപേക്ഷ നൽകി വ്യവസായശാലകൾ ആരംഭിക്കാൻ കഴിയുന്നതിനുള്ള വ്യവസ്ഥകൂടി ഈ ബില്ലിൽ ഉൾപ്പെടുത്തണമെന്നാണ് എനിക്ക്

അഭ്യർഥിക്കാനുള്ളത്. കാലഘട്ടത്തിന്റെ ആവശ്യകതയെ ആത്മാവിൽ ഏറ്റെടുക്കുക എന്നതാണ് ഏറ്റവും കൃത്യമായ രീതി. ഈ രീതി കാലഘട്ടം ആവശ്യപ്പെടുകയാണ്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ നിയമം തീർച്ചയായും കേരളം കാതോർത്തിരുന്ന, ആഗ്രഹിച്ചിരുന്ന ഒരു നിയമമാണ്. വ്യവസായങ്ങൾ വളരെ വേഗം ആരംഭിക്കാനും അത് മുന്നോട്ടുകൊണ്ടുപോകാനും സംരംഭകർക്കാവശ്യമായ സംരക്ഷണം നൽകാനും ആധുനികവൽക്കണരത്തിനുമുള്ള എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുത്തുകൊണ്ട് മുന്നോട്ടുപോകണമെന്ന് സൂചിപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. പി. പ്രസാദ്: സർ, 2026-ലെ സരൾ (സിംപ്ലിഫൈഡ് & ആക്സിലറേറ്റഡ് റെഗുലേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിംഗ്) കേരളം ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ ബില്ലിന്റെ അവതരണ യോഗ്യതയെക്കുറിച്ചുള്ള പരാമർശങ്ങൾക്ക് മറുപടിയായി ബഹുമാന്യനായ മന്ത്രി ഇവിടെ സൂചിപ്പിച്ച കാര്യങ്ങളൊന്നുമല്ല

ബില്ലിൽ കാണുന്നതെന്ന യാഥാർഥ്യം നമുക്ക് വിസ്മരിക്കാൻ സാധിക്കുന്നതല്ല. വികേന്ദ്രീകൃത ജനാധിപത്യത്തിന്റെയും അധികാര വികേന്ദ്രീകരണത്തിന്റെയും കാര്യത്തിൽ ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 73, 74 ഭേദഗതികളെക്കുറിച്ച് ആവേശപൂർവം സംസാരിക്കുന്നവരാണ് നമ്മൾ എല്ലാവരും. പക്ഷേ ആ അധികാര വികേന്ദ്രീകരണത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്നതാണ് ഈ ബിൽ എന്ന യാഥാർഥ്യത്തെ നമുക്ക് വിസ്മരിക്കാൻ സാധിക്കില്ല. രാജീവ് ഗാന്ധി കൊണ്ടുവന്ന പഞ്ചായത്ത് രാജ് നഗരപാലിക നിയമത്തിന്റെ അടിസ്ഥാനത്തിൽ ഭരണഘടനയുടെ 73, 74 ഭേദഗതിയിലൂടെയാണ് 29-ഓളം അധികാരങ്ങൾ ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറുന്ന സാചഹര്യമുണ്ടായത്. ആ അധികാരങ്ങളിൽ പലതിനേയും കവർന്നെടുക്കുന്ന തരത്തിലുള്ള വ്യവസ്ഥകൾ ഈ ബില്ലിലുണ്ടെന്നത് അങ്ങേയറ്റം അപകടകരമായ കാര്യമാണ്. നിക്ഷേപ സൗഹൃദത്തിന്റെ പേരിൽ പരിസ്ഥിതി നിയമങ്ങളും ജനങ്ങളുടെ അവകാശങ്ങളും ദുർബലപ്പെടുത്തുന്ന സമീപനം സ്വീകരിക്കാൻ സാധിക്കില്ല. പുറമേനിന്ന് നോക്കുമ്പോൾ ഈ

ബിൽ നിക്ഷേപ സൗഹൃദമാണെന്നും വ്യവസായ നടപടിക്രമങ്ങളുടെ ലളിതവൽക്കരണമാണ് ബില്ലിന്റെ ലക്ഷ്യമെന്നും തോന്നുമെങ്കിലും സൂക്ഷ്മമായി പരിശോധിക്കുമ്പോൾ 19-ഓളം സംസ്ഥാന നിയമങ്ങളുമായി ബന്ധപ്പെട്ട അനുമതികളും പരിശോധനകളുമെല്ലാം ഒറ്റ സംവിധാനത്തിലേക്ക് കൊണ്ടുവരികയും അവയുടെ നടപടിക്രമത്തിൽ മാറ്റം വരുത്തുകയും ചെയ്യുന്ന കാര്യമാണിത്. സമയബന്ധിതമായ അനുമതിയും വകുപ്പുകൾ തമ്മിലുള്ള ഏകോപനവുമെല്ലാം ജനവിരുദ്ധമായ കാര്യമല്ല. പക്ഷേ അനുമതി നേടുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കുന്നതും പരിസ്ഥിതി സംരക്ഷണം, കർഷകരുടെ ഉപജീവനം എന്നിവയെല്ലാം ഉറപ്പാക്കുന്നതിനുള്ള നിയമ പരിശോധനകൾ ദുർബലപ്പെടുത്തുന്നതും രണ്ടായി കാണണമെന്നതാണ് എന്റെ അഭിപ്രായം. നിക്ഷേപത്തിന് വേഗം നൽകുന്നതിനോടൊപ്പംതന്നെ ജനങ്ങളുടെ സുരക്ഷയും പ്രകൃതിയുടെ നിലനിൽപ്പും നിയമപരമായ പരിശോധനയുടെ ഗൗരവവും ഈ ബില്ലിൽ സംരക്ഷിക്കപ്പെടുന്നുണ്ടോ എന്നതാണ് ഏറ്റവും പ്രസക്തമായ ചോദ്യം. ഈ ബിൽ ഒരു കോർപ്പറേറ്റ് അനുകൂല അധികാര കേന്ദ്രീകരണത്തിലേക്ക്

എത്തുമെന്നതാണ് ഇവിടെ സംഭവിക്കുന്നത്. ജനാധിപത്യ സ്ഥാപനങ്ങളെ മറികടന്ന് ഐ.എ.എസ്. ഉദ്യോഗസ്ഥരും ബ്യൂറോക്രാറ്റുകളും അടങ്ങുന്ന കമ്മിറ്റിക്ക് മുഴുവൻ അധികാരവും നൽകിക്കഴിഞ്ഞാൽ ഇത് വൻകിടക്കാർക്കുവേണ്ടിയുള്ള ഫാസ്റ്റ് ട്രാക്കായി മാറുകതന്നെ ചെയ്യും. ബില്ലിലെ എഴാം വകുപ്പിൽ സംസ്ഥാനതല അംഗീകാര കമ്മിറ്റിയുടെ അധികാരങ്ങളും ചുമതലകളും സംബന്ധിച്ച് പറയുന്നുണ്ട്. " ബന്ധപ്പെട്ട നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു അപേക്ഷകൻ സമർപ്പിച്ചിട്ടുള്ള നിക്ഷേപ പദ്ധതിക്ക് പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള നിയമപ്രകാരമുള്ള എന്തെങ്കിലും ക്ലിയറൻസ് നേടേണ്ടതുണ്ടെങ്കിൽ ബന്ധപ്പെട്ട നിയമത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള ക്ഷമതയുള്ള അധികാരിയുടെ സ്ഥാനത്ത്, അംഗീകാര കമ്മിറ്റിക്ക്,-

(എ) അത്തരം ക്ലിയറൻസ് അനുവദിക്കുന്നതിനോ;

(ബി) അത്തരം ക്ലിയറൻസ് കാരണം രേഖപ്പെടുത്തിക്കൊണ്ട് നിരസിക്കുന്നതിനോ;

(സി) ബന്ധപ്പെട്ട നിയമത്തിലെ വ്യവസ്ഥകൾ പാലിക്കുമെന്നുള്ള നിബന്ധനകൾക്ക് വിധേയമായി ക്ലിയറൻസ് അനുവദിക്കുന്നതിനോ; അല്ലെങ്കിൽ

(ഡി) ഈ ആക്ട് പ്രകാരം അനുവദിച്ച ഏതെങ്കിലും ക്ലിയറൻസ് പുതുക്കുന്നതിനോ ഭേദഗതി ചെയ്യുന്നതിനോ അധികാരമുണ്ടായിരിക്കുന്നതാണ്."

പട്ടികയിൽ 19 ഇനങ്ങൾ പറയുന്നുണ്ട്. ഇതിനൊക്കെ അധികാരം നൽകേണ്ട ഉദ്യോഗസ്ഥനെ മറികടക്കുന്ന തരത്തിലാണ് ഏഴാം വകുപ്പിലെ വ്യവസ്ഥകൾ. ഒരു ആർ.ഡി.ഒ. നൽകേണ്ട അനുമതി നേരെ സംസ്ഥാനതല സമിതിയിലേക്ക് പോകുകയാണ്. ആർ.ഡി.ഒ.-യുടെ അധികാരം അവിടെ നഷ്ടപ്പെടുകയാണ്. ഈ നിയമസഭ ഓരോ കാലത്തും നിർമ്മിച്ച നിയമങ്ങളെ ഇങ്ങനെ ഒരു കുറുക്കുവഴി ഉണ്ടാക്കി അട്ടിമറിക്കുകയാണ്. ആര് ഭരിച്ചെന്നുള്ളതല്ല, വിവിധ സർക്കാരുകളുടെ കാലഘട്ടത്തിൽ ഈ നിയമസഭ വളരെ ഗൗരവത്തോടെ ചർച്ച ചെയ്ത് പാസ്സാക്കിയ 2003-ലെ കേരള ജലസേചന ജലസംരക്ഷണ നിയമം, 2002-ലെ കേരള സംസ്ഥാന ഭൂജല

(നിയന്ത്രണവും ക്രമീകരണവും) ആക്ട്, 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ട് എന്നിവയൊക്കെ ഒരുമിച്ച് മറികടക്കുകയാണ്. ഇതാണ് ഞാൻ നേരത്തെ പറഞ്ഞ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരിലേക്ക് എല്ലാം മാറുന്ന ഒരു പ്രത്യേകത വരുന്നുണ്ടെന്ന്. 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ടിലെ വകുപ്പ് 27(എ) ഇതിൽ പറയുന്നുണ്ട്. നെൽവയൽ മറ്റ് ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട നിർണ്ണയാക വ്യവസ്ഥയാണിത്. കൃഷി, റവന്യൂ എന്നീ വകുപ്പുകളുടെ അധികാര പരിധിയിൽപ്പെടുന്നതാണിത്. ഇതെല്ലാം മാറ്റിവയ്ക്കപ്പെടുകയോ മറികടക്കുകയോ ചെയ്യുന്നത് നമുക്ക് ഭൂഷണമല്ല. കേരളത്തെ പോലൊരു സംസ്ഥാനത്ത് നെൽവയലുകളും തണ്ണീർത്തടങ്ങളും കേവലമായ ഒരു ഭൂമി മാത്രമാണോ; 3300 മില്ലിമീറ്റർ മഴ ഇപ്പോൾ പെയ്യുന്നുവെന്ന് കണക്കാക്കിയാൽ വിവിധ ശാസ്ത്രീയ സ്ഥാപന കണക്കുകൾ അനുസരിച്ച് ഒരു ഏക്കർ വയലിൽ അഞ്ച് കോടി ലിറ്റർ വെള്ളം സംഭരിക്കുമെന്നാണ്. പ്രസ്തുത

കണക്ക് നിലനിൽക്കെയാണ് പലരും വയൽ നികത്തുന്നതിനുവേണ്ടിയുള്ള അപേക്ഷകളും സമ്മർദ്ദങ്ങളുമായി എല്ലാക്കാലത്തും നടക്കുന്നത്.

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഒരു നിയമത്തെയും മറികടക്കാനുള്ള യാതൊരു വകുപ്പും ഈ നിയമത്തിലില്ല. ബന്ധപ്പെട്ട എല്ലാ നിയമങ്ങളും നിശ്ചിത സമയത്തിനുള്ളിൽ പാലിക്കണമെന്നുമാത്രമേയുള്ളൂ. എല്ലാ അപേക്ഷകൾക്കും അനുമതി നൽകണമെന്നല്ല, അതോറിറ്റിക്ക് ഗൗരവമായ ആക്ഷേപങ്ങളുണ്ടെങ്കിൽ നിരസിക്കാവുന്നതാണ്. ബില്ലിൽ ഇല്ലാത്ത കാര്യത്തെക്കുറിച്ച് ഇങ്ങനെ വലുതാക്കി പ്രസംഗിച്ചാൽ എന്തുചെയ്യാനാണ്.

ശ്രീ. പി. പ്രസാദ്: സർ, പ്രസ്തുത ബില്ലിലെ ഏഴാം വകുപ്പ് പരിശോധിച്ചാൽ അതിൽ 'ക്ലിയറൻസ് നിരസിക്കുന്നതിനോ അനുവദിക്കുന്നതിനോ' എന്നാണ് പറയുന്നത്. ക്ലിയറൻസ് അനുവദിക്കുന്നതിന് വ്യവസ്ഥയുണ്ട്. ബന്ധപ്പെട്ട നിയമത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള ക്ഷമതയുള്ള അധികാരിയുടെ സ്ഥാനത്ത് അംഗീകാര കമ്മിറ്റിക്ക് ക്ലിയറൻസ് നൽകാൻ അധികാരമുണ്ടെന്ന് പറയുമ്പോൾ

കോമ്പീറ്റന്റായ അതോറിറ്റിക്ക് പകരം ഇവിടെ വരുന്ന ഒരു ഉദ്യോഗസ്ഥ കമ്മിറ്റി അതിൽ വരികയും ചെയ്യും. അത് ഒരു ശരിയായ കാര്യമല്ല. കോമ്പിറ്റന്റായ ഒരു അതോറിറ്റിയെ മറികടന്ന് .....

ശ്രീ. കെ. രാജൻ: സർ, അങ്ങ് പറഞ്ഞ ഏഴാം ഭാഗത്തിൽ 'അത്തരം ക്ലിയറൻസ് അനുവദിക്കുന്നതിനോ' എന്ന് പറഞ്ഞിട്ടുണ്ട്. ക്ലിയറൻസിന്റെ നിർവചനം അങ്ങ് കണ്ടിട്ടുണ്ടാകും. നിർവചനത്തിൽ എന്താണ് ക്ലിയറൻസ് എന്ന് പറഞ്ഞിട്ടുണ്ട്. ഏതെങ്കിലും ലൈസൻസ്, പെർമിറ്റ്, രജിസ്ട്രേഷൻ, സമ്മതപത്രം, അനുമതി, നിരാക്ഷേപപത്രം അല്ലെങ്കിൽ സർട്ടിഫിക്കറ്റ് എന്നാകുന്നു എന്നാണ് പറഞ്ഞിരിക്കുന്നത്. ഈ പറയപ്പെടുന്ന എല്ലാക്കാര്യങ്ങൾക്കും ക്ലിയറൻസ് നൽകാൻ ഈ സമിതിക്ക് അധികാരമുണ്ടെന്ന് കൂട്ടിവായിക്കാം. രണ്ടാമത്, അങ്ങ് ഇവിടെ പറഞ്ഞ 19 നിയമങ്ങൾ ഈ പട്ടികയിലുൾപ്പെടുത്തിയിട്ടുണ്ട്. ഈ ബില്ലിന്റെ 23-ാം വകുപ്പ് പ്രകാരം 19 നിയമങ്ങൾ കൂടാതെ മറ്റ് നിയമങ്ങൾ ഗവൺമെന്റിന് ഏത് ഘട്ടത്തിലും ഈ പട്ടികയിലുൾപ്പെടുത്താവുന്നതും പിന്നീട് നിയമസഭയെ അറിയിച്ചാൽ മതിയാവുന്നതുമാണ്. പഞ്ചായത്ത് രാജ് ആക്ടും കേരള

നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ടും ഉൾപ്പെടെ അങ്ങ് പറഞ്ഞ 19 നിയമങ്ങൾക്ക് പുറമേ ഈ സഭയിൽ അവതരിപ്പിക്കുന്ന ഏതെങ്കിലും ഒരു നിയമത്തെ ആ സമയത്ത് ഇതിൽ കൂട്ടിച്ചേർക്കണമെന്ന് സർക്കാരിനുതോന്നിയാൽ അത് മറ്റ് ആരുടെയും അനുവാദമില്ലാതെ കൂട്ടിച്ചേർക്കാനും അത് സഭയെ പിന്നീട് അറിയിച്ചാലും മതിയെന്നാണ്. മൂന്നാമത്തെ കാര്യം, സർ‍ൾ നിയമപ്രകാരം ലഭിച്ച അനുമതി റദ്ദാക്കാൻ ബന്ധപ്പെട്ട അധികാര സ്ഥാനത്തിന് അധികാരമുണ്ടായിരിക്കില്ലെന്ന് 13-ാം വകുപ്പിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. അങ്ങ് ഇത് കണ്ടിട്ടുണ്ടായിരിക്കുമെന്നാണ് ഞാൻ കരുതുന്നത്. എന്റെ സംശയം, നേരത്തെ ഇത്തരം സംവിധാനങ്ങളിൽനിന്ന് അനുമതി നിഷേധിക്കപ്പെട്ട വ്യക്തികൾക്ക് വീണ്ടും കുറുക്കുവഴികളിലൂടെ ഈ സമിതിയെ സമീപിച്ചാൽ അംഗീകാരം ലഭിക്കാൻ സാധ്യതയില്ലേ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, തീർച്ചയായും അതിനുള്ള സാധ്യതയുണ്ട്, വളരെ ഗൗരവമുള്ള വിഷയമാണ്. അങ്ങ് 23-ാം വകുപ്പിനെക്കുറിച്ചാണ് പറഞ്ഞത്. എന്നാൽ the most dangerous part ആയി ഞാൻ കാണുന്നത്

25-ാം വകുപ്പാണ്. അതിൽ പറയുന്നത്, പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള നിയമങ്ങളിൽ എന്തുതന്നെ വിരുദ്ധമായി അടങ്ങിയിരുന്നാലും ഈ ആക്ടിലെ വ്യവസ്ഥകൾക്ക് പ്രാബല്യമുണ്ടായിരിക്കുന്നതാണ്" എന്നാണ്. അതായത് ഈ ആക്ടിന് അധിപ്രഭാവം ഉണ്ടായിരിക്കുമെന്നാണ്. ഇത് മറ്റൊരു പ്രതിസന്ധിയായി വന്നിരിക്കുകയാണ്. പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ഗ്രാമസഭകൾക്കും പ്രദേശത്തെ ജനങ്ങൾക്കും പദ്ധതിയുടെ പ്രത്യാഘാതങ്ങളെക്കുറിച്ച് അറിവും അഭിപ്രായവും അറിയിക്കാനുള്ള അവകാശമില്ലേ? ഇവയെല്ലാം മറികടക്കുന്ന ഒരു സംവിധാനം ജനകീയാസൂത്രണത്തിന്റെ, അധികാര വികേന്ദ്രീകരണത്തിന്റെ തത്വങ്ങളുമായി എങ്ങനെയാണ് പൊരുത്തപ്പെടുന്നത്? ഇതൊക്കെ ഉന്നയിക്കപ്പെടാനുള്ള അവകാശങ്ങളില്ലെന്ന് വരുന്നത് ഗൗരവമുള്ള വിഷയമാണ്. ഈ പരിഷ്കൃത സമൂഹത്തിനുവേണ്ടി ഒരു നിയമം പാസ്സാക്കുമ്പോൾ നാം കാണിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണിത്. മറ്റൊന്ന്, ഇതൊരു ഡീംഡ് അപ്രൂവലാണെന്നതാണ്. 14, 19 എന്നീ ക്ലോസുകൾ ഉന്നയിക്കപ്പെടുന്ന ആശങ്കകളാണ്... നിശ്ചിത

സമയത്തിനുള്ളിൽ ബന്ധപ്പെട്ട അധികാരസ്ഥാനം റിപ്പോർട്ട് നൽകുന്നില്ലെങ്കിൽ അനുമതി ലഭിച്ചതായി കണക്കാക്കാവുന്ന ഒരു വ്യവസ്ഥയാണ്. ഇങ്ങനെ ഒരു വ്യവസ്ഥ വരുമ്പോൾ ഒരു ഉദ്യോഗസ്ഥൻ സമയബന്ധിതമായി ഫയൽ പൂർത്തിയാക്കുമോ; നിശ്ചിത ഫയൽ ഒരുദ്യോഗസ്ഥൻ അദ്ദേഹത്തിന്റെ കൈവശം വച്ചിരിക്കുകയാണ്. അങ്ങനെവച്ചിരുന്നാൽ ഒരു പ്രശ്നവുമില്ല.. ഒരു നിശ്ചിത കാലാവധി കഴിയുമ്പോഴേക്കും അനുവാദം ലഭിച്ചതായി വരികയാണ്. അങ്ങനെ വന്നുകഴിഞ്ഞാൽ എങ്ങോട്ടേക്കായിരിക്കും ഇക്കാര്യങ്ങളെല്ലാം നീങ്ങുന്നത്; ഒരുദ്യോഗസ്ഥൻ സമയബന്ധിതമായി പരിശോധന പൂർത്തിയാക്കാത്തത് ഒരു പദ്ധതി നിയമപരമായും സാങ്കേതികമായും സുരക്ഷിതമാണെന്നതിന് തെളിവല്ല. കൈവശംവച്ച് താമസിപ്പിക്കുന്ന ഒരു ഫയൽ ടി ഉദ്യോഗസ്ഥൻ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കിയിട്ടില്ലെങ്കിൽ അതിന്റെ അർഥമെന്താണ്? ടി പദ്ധതി സാങ്കേതികമായി സുരക്ഷിതമാണ്, അനുവാദം കൊടുത്തേക്കാം.. എന്നാണോ? ഇക്കാര്യങ്ങളൊക്കെ ഗൗരവമായി കണക്കാക്കാതെപോയാൽ.. ഫയൽ പരിശോധിക്കാതെ ഇരിക്കുന്നത്

കൊണ്ടുമാത്രം അനുമതി ലഭിക്കുന്ന ഒരു സാഹചര്യമുണ്ടായാൽ അത് പരിസ്ഥിതി, പൊതുജനാരോഗ്യം എന്നിവയടക്കമുള്ളവയ്ക്ക് വലിയ അപകടമുണ്ടാകും. അതുകൊണ്ട്...

മി.സ്പീക്കർ: ഇത് ഡിലേ ഒഴിവാക്കുന്നതിനാണ്... ബഹുമാനപ്പെട്ട വകുപ്പുമന്ത്രി സൂചിപ്പിച്ചതിൽനിന്ന് ഞാൻ മനസ്സിലാക്കുന്നത്, അൺഡ്യൂ ഡിലേ ഉണ്ടാകരുത് എന്നാണ്. ഇത് ഡിലേ ഒഴിവാക്കുന്നതിനുവേണ്ടിയുള്ള നടപടി എന്ന രീതിയിലല്ലേ?

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ബഹുമാനപ്പെട്ട അംഗം ഇപ്പോൾ സൂചിപ്പിക്കുന്നത്.. 'ഡീംഡ് അപ്രൂവൽ' എന്ന നിലയിലാണ്. അത് കഴിഞ്ഞ ഇടതുപക്ഷ സർക്കാർ പാസ്സാക്കിയുള്ള ഒരു ക്ലോസാണ്. അക്കാര്യം ചിന്തിക്കാതെയാണ് താങ്കൾ ഇത് സൂചിപ്പിക്കുന്നത്. ഒരു നിശ്ചിത സമയത്തിനകം അപേക്ഷ തീർപ്പാക്കികൊടുത്തില്ലെങ്കിൽ അത് ഡീംഡായി പോകാമെന്നാണ്. മാത്രമല്ല നിങ്ങളുടെ സർക്കാർ മറ്റൊരു കാര്യംകൂടി പാസ്സാക്കിയിട്ടുണ്ട്. ലൈസൻസില്ലാതെ ഒരു വ്യവസായം തുടങ്ങാമെന്നത്... മൂന്ന് വർഷം വരെ

മുൻകൂർ ലൈസൻസില്ലാതെ വ്യവസായം ചെയ്യാം. എന്ത് ഏർപ്പാടാണത്? ഈ രീതിയിൽ എന്തെങ്കിലും തുടങ്ങിക്കഴിഞ്ഞാൽ ഒരുപക്ഷെ അത് അവന്റെ വയറ്റത്തടിക്കുന്ന സമീപനമല്ലേ? അതൊക്കെ പാസ്സാക്കിയ ആളുകളാണ് ഇക്കാര്യങ്ങളൊക്കെ പറയുന്നത്. വ്യവസായം തുടങ്ങി മൂന്ന് വർഷത്തിനുശേഷം ഇപ്പോൾ ഇതിൽ തടസ്സം വന്നുപെട്ടുപോയ എത്രയോ ആളുകളുണ്ട്. ഇത് അങ്ങനെയല്ല.. നെൽവയൽ, തണ്ണീർത്തടം തുടങ്ങിയവയുമായി ബന്ധപ്പെട്ടാണെങ്കിൽ അവ കൃത്യമായി പരിശോധിച്ചശേഷം മാത്രമാണ് അപ്രൂവൽ നൽകുന്നത്. പക്ഷെ ഫയലിന്റെ പുറത്ത് കയറിയിരിക്കാൻ കഴിയില്ല. അത് പാസ്സാക്കിക്കൊടുക്കണം. അതാണ് വ്യത്യാസം. ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കേണ്ടത്, നിങ്ങളുടെ സർക്കാർ പാസ്സാക്കിയതിൽ ഡീംഡ് അപ്രൂവലുണ്ട്. നിശ്ചിത സമയത്തിനുള്ളിൽ അപ്രൂവൽ കൊടുക്കാതിരുന്നാൽ കൊടുത്തതായി കണക്കാക്കി പോകാമെന്നാണ്. മറ്റൊരു അപകടകരമായ ഒരു കാര്യം, ഇത് കോവിഡ് കാലത്ത് പാസ്സാക്കിയതാണ്. ഇപ്പോഴും നിലനിൽക്കുകയാണ്. വ്യവസായം തുടങ്ങാം.. എന്നാൽ മൂന്ന് വർഷത്തിനകം

അപ്രൂവലെടുത്താൽ മതിയാകും. വ്യവസായം തുടങ്ങിയവർ പെട്ടുപോകുന്ന അവസ്ഥയാണ്. എന്നാൽ ഞങ്ങൾ സൂചിപ്പിക്കുന്നത് ഓരോന്നും നല്ല രീതിയിൽ സ്ക്രൂട്ടിനി ചെയ്യണമെന്നാണ്. പക്ഷെ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കണം. മറ്റൊരു കാര്യം.. യാതൊരു പരിഷ്കാരവുംവേണ്ടെന്ന യാഥാസ്ഥിതിക വാദങ്ങൾ ഉയർത്തിക്കൊണ്ടിരുന്നാൽ കേരളത്തിന് തൊഴിലവസരങ്ങളോ മറ്റ് പുരോഗതികളോ ഉണ്ടാകില്ല.

ശ്രീ. കെ. രാജൻ: സർ, ഒരു സംശയം ചോദിച്ചോട്ടെ.. ബില്ലിൽ സൂചിപ്പിക്കുന്നത്, 'ഏതെങ്കിലും ക്ലിയറൻസ് നേടേണ്ടതുണ്ടെങ്കിൽ ബന്ധപ്പെട്ട നിയമത്തിൽ നിർദേശിച്ചിട്ടുള്ള ക്ഷമതയുള്ള അധികാരിയുടെ സ്ഥാനത്ത്, അംഗീകാര കമ്മിറ്റിക്ക്,- ക്ഷമതയുള്ള അധികാരിയെ കാണാതെ കഴിയുമോ, അതോ ആ നിയമത്തിൽ ഭേദഗതി വരുത്തി ഈ പ്രശ്നം പരിഹരിക്കാൻ കഴിയുമോ?

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ക്ഷമതയുള്ള അധികാരി നിശ്ചിത സമയത്തിനകം കൊടുത്തില്ലെങ്കിൽ മാത്രമെ ഈ പ്രശ്നം വരുന്നുള്ളൂ. ക്ഷമതയുള്ള അധികാരി

ആരായാലും തടസ്സമില്ല. നിശ്ചിത സമയത്തിനുള്ളിൽ ക്ലിയറൻസ് കൊടുക്കണം. ഇല്ലെങ്കിൽ സ്റ്റാറ്റ്യൂട്ടറി അതോറിറ്റി കൊടുക്കും. അതാണ് നിയമം. അല്ലാതെ ആരുടെയും അധികാരം മറികടക്കുന്നില്ല.

ശ്രീ. പി. പ്രസാദ്: സർ, ബഹുമാനപ്പെട്ട വകുപ്പുമന്ത്രി നേരത്തെയും ഇപ്പോഴും പറഞ്ഞ ഭാഗത്തിനുള്ളിൽ ഒരു ഭാഗം ശരിയാണ്. അടുത്ത ഭാഗം ഈ ബില്ലിനുള്ളിലില്ല. അതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം. ബഹുമാനപ്പെട്ട ചെയർ ചോദിച്ചത് വളരെ പ്രസക്തമായൊരു ചോദ്യമായിരുന്നു. ഞാനും അങ്ങയുടെ അഭിപ്രായത്തിൽ തന്നെയാണ്. ഒരു ഫയൽ അല്ലെങ്കിൽ ഒരു അപേക്ഷ മനഃപൂർവം കൈവശം വച്ചുകൊണ്ടിരുന്ന് അതിനെ തകർക്കാൻ പാടില്ല എന്നതാണ്. അക്കാര്യത്തിൽ അങ്ങയോട് ഞാൻ നൂറ് ശതമാനം യോജിക്കുന്നു. ഒരുദ്യോഗസ്ഥൻ സമയബന്ധിതമായി പരിശോധന പൂർത്തിയാക്കാതെ വന്നാൽ അവരുടെ ഉത്തരവാദിത്വം നിശ്ചയിക്കുകയും അതിനുള്ള സംവിധാനം ശക്തിപ്പെടുത്തുകയും മറ്റ് നടപടികളിലേക്ക് നീങ്ങുകയുംവേണം. വേണ്ടെന്നല്ല, അതിന് എന്തൊക്കെയാണോ സ്വീകരിക്കാൻ കഴിയുന്നത്,

അതെല്ലാം സ്വീകരിക്കണം. അതിനുള്ളിൽ ഒരു കോംപ്രമൈസും ചെയ്യണമെന്ന് ഞങ്ങളാരും പറയില്ല. ഞാൻ സൂചിപ്പിക്കുന്നത്, ഇതെല്ലാം നിയമങ്ങളെ മറികടക്കാനുള്ള ഒരു വഴിയായി വന്നാൽ നമ്മൾ പാസ്സാക്കിയ നിയമം ഒരു വഴിക്കുകിടക്കും. അത് ഏത് വർഷങ്ങളിലെയും ആയിക്കോട്ടെ. ഈ സഭ എത്ര അത്യധ്വാനം ചെയ്താ നമ്മൾ പാസ്സാക്കിയ ഒരു നിയമം ഒരു വഴിക്ക് കിടക്കും. കാര്യങ്ങൾ നടക്കുന്നത് മറ്റൊരു വഴിക്കാകുകയും ചെയ്യും. അതുണ്ടാകാതിരിക്കാൻ നമ്മളും നമ്മുടെ മുൻഗാമികളും പാസ്സാക്കിയ നിയമത്തിന്റെ ഗൗരവത്തെ നാം ഉൾക്കൊള്ളേണ്ടത് അനിവാര്യമാണ്. മറ്റൊരു പ്രധാനപ്പെട്ട കാര്യം, ഒരു അപേക്ഷ സമർപ്പിച്ചാൽ അതിന് അപ്പീൽ കൊടുക്കാനുണ്ടാകും. എന്നാൽ ടി നിശ്ചിത പ്രോജക്ടിന്റെ പ്രത്യാഘാതം നേരിടുന്ന ഒരു നാട്ടുകാരന് പരാതി കൊടുക്കാനുള്ള എന്തെങ്കിലും സംവിധാനം ഇതിന്റെ ഭാഗമായുണ്ടോ; അത് നീതിയുക്തമായ ഒരുകാര്യമാണ്. അഫക്ടഡ് പേഴ്സൺസ് എന്ന് ബില്ലുകളിൽ സൂചിപ്പിക്കാറുള്ളതാണ്. ഒരു പദ്ധതി വരുന്ന അവസരത്തിൽ ആ പദ്ധതിയുമായി ബന്ധപ്പെട്ട അഫക്ടഡ് പേഴ്സൺസിന് ഇക്കാര്യത്തിൽ

ഇടപെടാൻ കഴിയുന്ന ഒരു സംവിധാനവും ഇതിന്റെ ഭാഗമായുണ്ടാകുന്നില്ല. വൻകിട നിക്ഷേപകരുടെ കാര്യം സൂചിപ്പിച്ചിരുന്നു. എം.എസ്.എം.ഇ.-കളെ എന്തുകൊണ്ടാണ് നമ്മൾ മറന്നുപോകുന്നത്? എം.എസ്.എം.ഇ.-കളുമായി ബന്ധപ്പെട്ട ഒരു ഭാഗം ബില്ലിലുണ്ടാകേണ്ടതാണ്. നമ്മളുടെ മുൻഗണനകളിൽ മറ്റൊന്ന് മാത്രമായിപ്പോകുന്നോ എന്നൊരു....

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഇത്തരത്തിലുള്ള ചോദ്യങ്ങൾ ഉന്നയിക്കുന്നതിനാലാണ് ഇടപെടേണ്ടിവരുന്നത്. നിലവിലുള്ള നിയമം അനുസരിച്ച് ഇരുപത്തഞ്ച് കോടി രൂപ വരെ വായ്പ അനുവദിക്കുമെന്നതിൽ യാതൊരു മാറ്റവുമില്ല. എം.എസ്.എം.ഇ.-കൾക്ക് യാതൊരു തകരാറും സംഭവിക്കില്ല. ഇപ്പോഴുള്ളത് തുടരാം.

ശ്രീ. പി. പ്രസാദ്: സർ, പരിധി ഒരുതരത്തിലേക്ക് കുറയ്ക്കുകയെന്ന് സൂചിപ്പിക്കുമ്പോൾ, പല സംവിധാനങ്ങൾക്കകത്തും നിൽക്കുന്ന പരിഗണന എം.എസ്.എം.ഇ.-കൾക്ക് കിട്ടുന്നത് സന്തോഷമുള്ള കാര്യമാണ്. ചെറുകിട സംരംഭകർക്ക് നിലവിലുള്ള നിയമത്തിനുള്ളിൽ നിന്നുകൊണ്ട് പ്രത്യേകമായ

പരിഗണന ലഭ്യമാകുന്നുവെന്ന് ഇതിൽ പ്രത്യേകം സൂചിപ്പിക്കേണ്ടത് അനിവാര്യമാണ്. നമുക്ക് നിക്ഷേപങ്ങൾ വരണം. വ്യവസായങ്ങൾ വളരണം. തൊഴിലവസരങ്ങൾ വർധിക്കണം. പക്ഷെ, അതിന്റെ പേരിൽ നമ്മുടെ നെൽവയലുകൾ, തണ്ണീർത്തടങ്ങൾ, നിയമസഭ പാസ്സാക്കിയ നിയമങ്ങൾ, ജനങ്ങളുടെ ആരോഗ്യത്തിന്റെ അവകാശം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരം, പ്രകൃതി വിഭവങ്ങളുടെ നിലനിൽപ്പ് എന്നിവ ബലികഴിക്കുന്ന ഒരു പരിപാടിയായി മാറരുത്. മുൻകാലങ്ങളിൽ, അഞ്ച് വർഷം അപ്പുറത്തിരുന്നപ്പോഴും കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങൾ ഞങ്ങളുടെ മനസ്സിലുണ്ട്. കേരളത്തിലെ ഓരോ വിഭാഗം ആൾക്കാരുടെയും നീക്കങ്ങളുമുണ്ട്. എല്ലാവരുടെയും ശ്രദ്ധ വരുന്നത് ഇങ്ങോട്ടേക്കാണ്, അതായത് നമ്മുടെ വയലുകളെല്ലാം നികത്തണമെന്ന തരത്തിലാണ് ഒരുപാടുപേരുടെ നിലപാട്. ഓരോ ഭരണത്തിന്റെയും സമയത്ത് അത്തരക്കാർ വരുമെന്നുള്ളത് ഉറപ്പാണ്. കേരളത്തിലെ വയലുകൾക്ക് വധശിക്ഷ വിധിക്കുന്ന തരത്തിലേക്ക് ഇത് പോകരുത്. തണ്ണീർത്തടങ്ങളുടെ ആരാച്ചർമാരായി നമ്മളെല്ലാവരും..

ശ്രീ. പഴകുളം മധു: സർ, താങ്കൾ നെൽവയൽ നികത്തൽ നടപടിക്കെതിരെ ശക്തമായ സമരം നടത്തിയ ആളാണ്. അങ്ങ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അഞ്ച് വർഷം കൃഷി വകുപ്പുമന്ത്രിയായിരുന്നു. അങ്ങ് ഏറ്റെടുത്ത് നടത്തിയ ഒരു സമരമാണ് ആറന്മുള നെൽവയൽ സമരം. അന്ന് സമരം ചെയ്ത് കൊടിപിടിച്ച് പോയതിനുശേഷം അവിടെ കാടും പുല്ലും പന്നിയും വളർന്നതല്ലാതെ, അവിടെ നിന്ന് കുടിയിറക്കിയ ആൾക്കാർക്ക് ഒരു കിടപ്പാടമുണ്ടാക്കി നൽകാൻപോലും അങ്ങയുടെ സർക്കാരിനോ അങ്ങേക്കോ കഴിഞ്ഞിട്ടില്ല. അതുകൊണ്ടുതന്നെ ഇപ്പോൾ അങ്ങ് ഉദ്ദേശിക്കുന്നതെന്താണ്?

ശ്രീ. പി. പ്രസാദ്: സർ, ബഹുമാനപ്പെട്ട അംഗം, പഴകുളത്തിനപ്പുറത്തേക്കുള്ള ലോകം കാണാൻ തുടങ്ങിയിട്ടേയുള്ളൂ എന്നതാണ് ഒന്നാമത്തെ പ്രശ്നം. താങ്കൾ സൂചിപ്പിച്ച വിഷയം സംബന്ധിച്ച് ഇപ്പോഴത്തെ ആറന്മുള എം.എൽ.എ. ശ്രീ. അബിൻ വർക്കി കോടിയാട്ടിനോട് ചോദിച്ചാൽ മതിയാകും. ആറന്മുളയിലെ വയലുകൾ സംരക്ഷിക്കാൻ വേണ്ടി ഞാൻ മാത്രമല്ല പ്രവർത്തിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശൻ ഉൾപ്പെടെയുള്ള നേതാക്കൾ അന്ന്

അതിനെ പിന്തുണച്ചിട്ടുണ്ട്. അന്ന് നിയമസഭയ്ക്കുപുറത്ത് സുഗതകുമാരി ടീച്ചർ വിളിച്ചുചേർത്ത മീറ്റിങ്ങിൽ അന്നത്തെ ഹരിത എം.എൽ.എ.-മാർ ഉൾപ്പെടെ പങ്കെടുത്ത് സംസാരിക്കുകയുണ്ടായി. അന്ന് ഡി.സി.സി. പ്രസിഡന്റായിരുന്ന അഡ്വ. ഫിലിപ്പോസ് തോമസ് ഉൾപ്പെടെയുള്ള വ്യക്തികൾ ഞങ്ങളോടൊപ്പം കേസിനുവന്നതും ശ്രീ. വി. എം. സുധീരൻ, ആറന്മുള വന്ന് പ്രസംഗിച്ചതും, അതിനുശേഷം ആറന്മുളയിൽ കൃഷി ചെയ്ത് ആറന്മുള റൈസ് ഇറക്കിയിട്ടാണ് ഞങ്ങൾ ഇന്ന് ഇവിടെ നിൽക്കുന്നതെന്ന കാര്യം പ്രത്യേകം ആലോചിക്കണം. അല്ലാതെ വെറുതേയല്ല അവിടെ ഇരുന്നിട്ടുള്ളത്. ആ ഭൂമി വൻകിടക്കാരുടെ കൈയിൽനിന്നും തിരിച്ചുപിടിക്കാൻ കഴിഞ്ഞത്, ആ ഭൂമി കൈവശം വച്ചിരിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് നിലനിൽക്കുകയാണ്. ശ്രീ. പഴകുളം മധു അതൊന്ന് പഠിച്ചാൽ മതിയാകും. ഒരാളുടെ കൈവശമിരിക്കുന്ന ഭൂമി പിടിച്ചെടുക്കാൻ പ്രയാസമുണ്ടെന്ന കാര്യം ബഹുമാനപ്പെട്ട അംഗത്തിന് പിന്നാലെ മനസ്സിലാക്കും. പുതിയ ആളായതുകൊണ്ട് ഇക്കാര്യങ്ങൾ മനസ്സിലാകാതെ പോകുന്നതാണ്. അത് കൈവശം വച്ചിരിക്കുന്ന ആൾക്കാർ

അവിടെ വെറെകാര്യവുമായി വന്നപ്പോഴും ഞങ്ങൾ നിലപാടുകൾ സ്വീകരിച്ചിട്ടുണ്ട്. ഞങ്ങളുടെ നിലപാടിൽ ഒരു വിട്ടുവീഴ്ചയും നാളിതുവരെയുണ്ടായിട്ടില്ലെന്ന കാര്യംകൂടി ഓർക്കണം. നമുക്ക് സംരക്ഷിക്കേണ്ടതെല്ലാം സംരക്ഷിച്ചേ മതിയാകൂകയുള്ളൂ. നമ്മുടെ മുന്നിൽ ഒരുപാട് നിയമങ്ങളുണ്ട്. രാജ്യം ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. നമുക്ക് ഇതിനകത്തുള്ള വ്യത്യസ്ത അഭിപ്രായം, നേരത്തെ യു.പി.ഐ. ഇടപാടുകൾ സംബന്ധിച്ച് കാര്യം പറഞ്ഞതാണ്. സ്റ്റോക്ക്ഹോം കൺവെൻഷനിൽ പോയത് ആരാണ്? അന്ന് ഇന്ത്യയുടെ പ്രധാനമന്ത്രിയായ ഇന്ദിരാ ഗാന്ധിയായിരുന്നു. സ്റ്റോക്ക്ഹോം കൺവെൻഷനിൽ പങ്കെടുത്ത് തിരിച്ചുവന്നിട്ടാണ് ഇന്ത്യൻ ഭരണഘടനയുടെ സുപ്രധാനമായ ഭേദഗതിയുണ്ടാകുന്നത്. അതിനുശേഷം പരിസ്ഥിതി ഏറ്റവും പ്രധാനപ്പെട്ട ഇനമായി സ്ഥാനം പിടിക്കുകയായിരുന്നു. അത് ഭരണഘടനയുടെ 73, 74 ഭേദഗതികളെക്കാൾ ഗൗരവകരമായ ഭേദഗതിയായിരുന്നു. സ്റ്റോക്ക്ഹോം കൺവെൻഷനിൽ പങ്കെടുത്ത് തിരിച്ചുവന്ന് നമ്മുടെ ഭരണഘടനയിൽ മാറ്റം വരുത്തി പരിസ്ഥിതിയുടെ മാഗ്നാകാർട്ട എന്ന് വിശേഷിപ്പിക്കാവുന്ന

വിധത്തിൽ കൊണ്ടുവന്നത് നമ്മുടെ മുന്നിലുണ്ട്. ഇതെല്ലാം നമ്മുടെ മുന്നിലിരിക്കുന്ന അവസരത്തിൽ 2026-ലെ സരൾ (സിംപ്ലിഫൈഡ് & ആക്സിലറേറ്റഡ് റെഗുലേറ്ററി അപ്രൂവൽസ് & ലൈസൻസിംഗ്) കേരളം ബിൽ വരുമ്പോൾ നമ്മുടെ പരിസ്ഥിതിക്ക് ദോഷകരമാകുന്ന തരത്തിലേക്ക്, അങ്ങ് നിലവിലുള്ള നിയമങ്ങൾക്ക് പ്രശ്നമുണ്ടാകില്ലെന്ന് പറയുമ്പോൾ പട്ടികയിൽ 19 നിയമത്തിന്റെയും ചട്ടത്തിന്റെയും കാര്യം പറയുന്നു. നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ ആക്ടും ചട്ടവും പറയുമ്പോൾ അത് സംസ്ഥാനത്തിലേക്ക് മാറ്റപ്പെടുമെന്ന് പറയുന്ന അവസരത്തിലേക്ക് ഒരു Contradictory ആകുന്നു. ഇത് ഗൗരവതരമായി പരിശോധിക്കണം. അതുകൊണ്ടാണ് നേരത്തെ ഇവിടെ ക്രമപ്രശ്നത്തിൽ ശ്രീ. കെ. വി. സുമേഷ് അവതരിപ്പിച്ചത്. ശ്രീ. കെ. രാജൻ കാര്യോപദേശക സമിതിയുമായി ബന്ധപ്പെട്ടാണ് പറഞ്ഞതെങ്കിൽ ശ്രീ. കെ. വി. സുമേഷ് അക്കാര്യം ഉന്നയിക്കുകയുണ്ടായി. അതുകൊണ്ട് പൊതുജനാഭിപ്രായത്തിനായി വയ്ക്കണം. നമുക്ക് ഏറ്റവും പെർഫെക്ടായ നിയമമാണ് വേണ്ടത്. വ്യവസായങ്ങൾ വളരുന്നതിനും നിക്ഷേപങ്ങൾ

വരുന്നതിനും ഉപകരിക്കുന്ന തരത്തിലുള്ളതും നമ്മുടെ പ്രകൃതിക്കും പരിസ്ഥിതിക്കും ജനതയുടെ ആരോഗ്യത്തിനും ദോഷകരമാകാത്ത തരത്തിലുള്ളതുമായ നിയമമായിരിക്കണം കേരളനിയമസഭ പാസാക്കുന്നതെന്ന് ഉറപ്പുവരുത്തണം. അല്ലെങ്കിൽ നേരത്തെ പറഞ്ഞതുപോലെ, വല്ലാത്ത പ്രതിസന്ധി നമ്മുടെ നാട്ടിൽ സൃഷ്ടിക്കുമെന്ന തരത്തിലേക്ക് എത്തും. സാധാരണ ജനതയുടെ ഗുണകരമായ മാറ്റത്തിനാകണം. വ്യവസായത്തിന് വേഗം വേണമെന്നതുകൊണ്ട് ജനങ്ങളുടെ സുരക്ഷയും അവകാശവും കർഷകരുടെ ഉപജീവനവും ഉറപ്പുനൽകാത്ത അവസ്ഥയുണ്ടാകരുതെന്നാണ് ഈ സഭയുടെ മുമ്പാകെ അറിയിക്കാനുള്ളത്.

ശ്രീ. ഫൈസൽ ബാബു: സർ, 2026-ലെ സരൾ (സിംപ്ലിഫൈഡ് & ആൻഡ് ആക്സിലറേറ്റഡ് റെഗുലേറ്ററി അപ്രൂവൽ ആൻഡ് ലൈസൻസിംഗ്) കേരളം ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-01-2027 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കേരളത്തിന്റെ ഇൻഡസ്ട്രിയൽ ഇക്കോ സിസ്റ്റം സരൾ നിയമത്തിന്റെ മുമ്പും ശേഷവും എന്ന അർഥതത്തിൽ വിഭജിക്കപ്പെടാൻ പോകുന്ന ചരിത്ര മുഹൂർത്തത്തിലെ ബില്ലാണ് നമ്മൾ ഇപ്പോൾ ചർച്ച ചെയ്യുന്നത്. ഈ ബിൽ എന്താണെന്ന് The title itself Speaks. ഒരു വ്യവസായം വളരണമെങ്കിൽ മൂലധനം മാത്രം മതിയാകില്ല. എന്ത് വേണം? അനുമതികളും ലൈസൻസും വേണം. ഇത് രണ്ടും ഉണ്ട്. ധാരാളം സ്ഥാപനങ്ങളും അതിലെ ഉദ്യോഗസ്ഥരുമുണ്ട്. എന്താണ് പ്രശ്നം? അത് സിംപ്ലിഫൈഡ് അല്ല, most complicated ആണ്. രണ്ടാമത്തെ കാര്യം ഒട്ടും വേഗതയില്ല. ബഹുമാന്യനായ വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബില്ലിന്റെ ടൈറ്റിലിൽതന്നെ ഇതിന്റെ സ്കോപ്പ് എന്താണെന്ന് ഏത് സാധാരണക്കാരനും മനസ്സിലാകുന്ന രീതിയിൽ സിംപ്ലിഫൈഡ് & അക്സിലറേറ്റഡ് റഗുലറേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിംഗ് കേരളം എന്തുകൊണ്ട് വ്യവസായ സൗഹൃദമല്ലെന്ന് പഠിക്കുന്ന ഒരാൾക്ക് ഇതിന്റെ തലവാചകത്തിൽ തന്നെ കൃത്യമായ സന്ദേശം നൽകുന്നു. കേരളത്തിൽ എല്ലാ വ്യവസായ സാധ്യതകളും നമ്മുടെ

കൈയിലുണ്ട്. ഒരു സംരംഭകൻ കേരളത്തിൽ വ്യവസായം ആരംഭിക്കാൻ തുടങ്ങുമ്പോൾ അയാൾ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട വെല്ലുവിളി വിവിധ വകുപ്പുകളിൽനിന്ന് ആവശ്യമായ അനുമതികൾ നേടുന്നതിനുള്ള സങ്കീർണ്ണമായ നടപടിക്രമങ്ങളാണ്. ഇതാണ് പലപ്പോഴും കേരളം വ്യവസായ സൗഹൃദമല്ല എന്ന പൊതുധാരണയ്ക്ക് അടിസ്ഥാനമാകുന്നത്. ഇതിനൊരു കാതലായ മാറ്റം കൊണ്ടുവരാൻ ശ്രമിക്കുന്ന ഈ സർക്കാരിനെയും പ്രത്യേകിച്ച് വ്യവസായ വകുപ്പിനെയും മന്ത്രിയെയും ഞാൻ സർവാത്മനാ മുഴുവൻ മലയാളികൾക്കുവേണ്ടി പ്രശംസിക്കുകയാണ്. 2026-ലെ സരൾ (സിംപ്ലിഫൈഡ് & അക്സിലറേറ്റഡ് റഗുലേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിംഗ്) കേരളം ബിൽ ഇവിടെ ചർച്ചയ്ക്ക് എടുക്കുമ്പോൾ കെ-സ്വിഫ്റ്റ് സംവിധാനവുമായി താരതമ്യം സ്വാഭാവികമാണ്. കെ-സ്വിഫ്റ്റ് എന്താണ്? അതൊരു സോഫ്റ്റ്വെയർ/പ്ലാറ്റ്ഫോം/ഫെസിലിറ്റേറ്റർ മാത്രമാണ്. ഞാൻ 2026-ലെ സരൾ (സിംപ്ലിഫൈഡ് & അക്സിലറേറ്റഡ് റഗുലേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിംഗ്) കേരളം ബില്ലിനെ സൂക്ഷ്മമായി വായിക്കാൻ

ശ്രമിച്ചപ്പോൾ എനിക്ക് തോന്നിയ മൂന്ന് വ്യത്യാസങ്ങൾ ബഹുമാനപ്പെട്ട സഭയുടെ മുന്നിൽ എന്തുകൊണ്ട് ഈ ബിൽ പ്രശസ്തമായി എന്നത് ബുള്ളറ്റ് പോയിന്റ് ആയി പറയാം.

(1) K-SWIFT ഡിജിറ്റൽ ഏകജാലക സംവിധാനമാണ്; സരൾ കേരളം ബിൽ പ്രത്യേക നിയമപരമായ അതോറിറ്റിയും തീരുമാനമെടുക്കൽ സംവിധാനവുമാണ്.

സിംഗിൾ വിൻഡോയ്ക്ക് നിയമപ്രധാന്യം നൽകുകയാണെന്ന് ഇവിടെ ബഹുമാന്യനായ വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) പറഞ്ഞു. മൗലികമായി ഒന്നും മാറുന്നില്ല. ഫൈൻ ട്യൂണിങ് മാത്രമാണിത്. മെച്ചപ്പെടുത്തുകയാണ് പക്ഷെ, ഘടനയിൽ ഫൈൻ ട്യൂണിങ് ആണെങ്കിലും ഫലത്തിൽ heavy impact വരാൻ പോകുകയാണ്. ഒരു statutory authority ഉണ്ടാക്കാൻ പോകുകയാണ്. നടപടികളിലെ കൃത്യതയില്ലായ്മ നമ്മൾ പരിഹരിക്കുകയാണ്. ഇതെല്ലാം ഇപ്പോൾ ഈ ബില്ലിന്റെ അവതരണ വേളയിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതാണ്. ഞങ്ങൾക്ക് വ്യവസായം തുടങ്ങാൻ സാധിക്കാത്തത് ഒരു

സോഫ്റ്റ്വെയർ ഇല്ലാത്തതുകൊണ്ടാണെന്നും അതുകൊണ്ട് വേഗം ഒരു സോഫ്റ്റ്വെയർ നൽകാനും നാട്ടിൽ വ്യവസായം തുടങ്ങുന്ന ഒരാളും പറഞ്ഞിട്ടില്ല. നിയമപരമായി ഈ complication എല്ലാം ഇവർ നേരിടേണ്ടിവരുന്ന അതുകൊണ്ട് കെ-സ്വിഫ്റ്റ് എന്ന ഡിജിറ്റൽ ഏകജാലക വെറും സംവിധാനത്തെ സരൾ ബിൽ പ്രത്യേകമായ നിയമപരമായ അതോറിറ്റി ആക്കുന്ന ചരിത്ര ബില്ലാണ്.

(2) സമയപരിധി, ഓൺലൈൻ അപേക്ഷ, ഫീസ് അടയ്ക്കൽ എന്നിവ വേഗത്തിലാക്കുക മാത്രമല്ല സരൾ കേരളം ബില്ലിലെ നേട്ടം, 25 കോടി രൂപയ്ക്ക് മുകളിലുള്ള നിർദിഷ്ട പദ്ധതികൾക്കായി ഘട്ടം തിരിച്ച 75 ദിവസത്തെ നടപടിക്രമവും ഏകീകൃത സർട്ടിഫിക്കറ്റും പ്രത്യേക പുതുക്കൽ സംവിധാനവും നിർദേശിക്കുന്നതാണ്.

സമയമാണ് ഒരു ബിസിനസിന്റെ ഏറ്റവും പ്രധാനപ്പെട്ട ഇൻവെസ്റ്റ്മെന്റ്. സമയത്തിന് ചെയ്തില്ലെങ്കിൽ ഫസ്റ്റ് റണ്ണർ ബെനിഫിറ്റ് നമുക്ക് ലഭിക്കുകയില്ല. ഒരു നിക്ഷേപകനെ സംബന്ധിച്ചിടത്തോളം... ഈ ചർച്ചയിൽ പലരും പറഞ്ഞു 3 വർഷംകൊണ്ട് ഒരു ബിസിനസ് മൂവ്

ചെയ്യുന്നു, ആ ബിസിനസിന്റെ അനുമതിയുടെ ഭാഗമായി നൽകിയ പോല്യൂഷൻ സർട്ടിഫിക്കേറ്റ് 3-ാമത്തെ വർഷമാണ് ലഭിക്കുന്നതെങ്കിൽ ആ സർട്ടിഫിക്കറ്റിൽ നിങ്ങൾക്ക് ഈ സംരംഭം മുമ്പോട്ടുപോകാൻ സാധിക്കില്ലെന്നാണ് തീരുമാനമെങ്കിൽ ഈ 3 വർഷത്തെ നിക്ഷേപം എന്ത് ചെയ്യും; അതുവരെയുള്ള നിക്ഷേപങ്ങൾ എന്ത് ചെയ്യും; ഇവിടെ പ്രശ്നമെന്താണ്? ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ, നിങ്ങൾ ഇങ്ങനെ താത്ത്വിക വിസ്താരം നടത്തി ഞാൻ ആവർത്തിച്ച് ബോധപൂർവം പറയുകയാണ്. പ്രത്യയശാസ്ത്ര ശാഠ്യങ്ങളുടെ പുതപ്പിനകത്തുള്ള ഇരുട്ടിൽ ജീവിക്കുന്നവരെ നിങ്ങൾക്ക് എന്ത് സംഭവിക്കുമെന്നതിന്റെ തെളിവ് ബംഗാൾ, ത്രിപുര സംസ്ഥാനങ്ങളിലുണ്ട്. മുഴുവൻ മലയാളികളും ഈ ചർച്ച കാണുന്നുണ്ട്. നിങ്ങൾ കേരളത്തെ യു-ടേൺ അടുപ്പിക്കുകയാണോ? നിങ്ങളുടെ വീട്ടുകാരും നാട്ടുകാരും അംഗീകരിക്കാത്ത സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്ന നിങ്ങളുടെ പാർട്ടിക്കാരും അംഗീകരിക്കാത്ത സിദ്ധാന്ത വാശിയാണ് നിങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. പത്ത് വർഷം ഭരണം നടത്തിയപ്പോൾ എന്ത് സംഭവിച്ചുവെന്നുള്ളത് ഗ്രലാത്തി ഇൻസ്റ്റിറ്റ്യൂട്ടിന്റെ

പഠന റിപ്പോർട്ട് എന്റെ കൈയിലുണ്ട്. ഞാൻ ഈ ചർച്ചയുടെ സമയോചിതം അത് പറയാം. അപ്പോൾ സമയമാണ് ഈ ബില്ലിന്റെ രണ്ടാമത്തെ കാര്യം.

(3) ബില്ലിന്റെ ഏറ്റവും പ്രധാനപ്പെട്ട നിയമപരമായ മാറ്റം വിവിധ നിയമങ്ങളിലെ വ്യവസ്ഥകൾ ഭേദഗതി ചെയ്യാനുള്ള നിർദേശമാണ്. ഇതിലൂടെ അനുമതി നടപടികളെ ഏകോപിപ്പിക്കുന്നതോടൊപ്പം നിയമപരമായ വൈരുധ്യങ്ങൾ പരിഹരിക്കാനും ലക്ഷ്യമിടുന്നു.

Delay എന്ന് പറയുന്നത് procedural പ്രശ്നം മാത്രമല്ല, അത് ഒരു investment issue കൂടിയാണ്. അനുമതികൾക്കായുള്ള കാലതാമസം ഒരു ഭരണപരമായ പ്രശ്നം മാത്രമല്ല. അത് നിക്ഷേപച്ചെലവ് വർധിപ്പിക്കുകയും പദ്ധതികളുടെ പൂർത്തീകരണം വൈകിപ്പിക്കുകയും തൊഴിൽസാധ്യതകൾ മാറ്റിവയ്ക്കുകയും ചെയ്യുന്നു. ഈ യാഥാർഥ്യം തിരിച്ചറിഞ്ഞുകൊണ്ട് വ്യവസായ അനുമതി സംവിധാനത്തെ കൂടുതൽ ഏകോപിതവും കാര്യക്ഷമവുമാക്കാനുള്ള ശ്രമമാണ് സരൾ കേരളം ബിൽ. ബില്ലിന്റെ അടിസ്ഥാന ആശയമായ One State - One Approval - One Document

പ്രത്യേകം എടുത്തുപറയേണ്ടതാണ്. നിലവിൽ ഒരു വ്യവസായ പദ്ധതിക്ക് ആവശ്യമായ വിവിധ അനുമതികൾ പല വകുപ്പുകളുടെയും അധികാരപരിധിയിൽ ഉൾപ്പെടുന്നു. ഓരോ വകുപ്പിന്റെയും നടപടിക്രമങ്ങൾ തമ്മിലുള്ള ഏകോപനക്കുറവ് പലപ്പോഴും സംരംഭകർക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു. ഇതിനുള്ള പരിഹാരമായി, ബില്ലിന്റെ പരിധിയിൽ വരുന്ന സംസ്ഥാനതല അനുമതികൾക്കായി ഒറ്റ അപേക്ഷയും ഏകീകൃത സംരംഭ അനുമതി സർട്ടിഫിക്കറ്റും കൊണ്ടുവരാൻ നിർദ്ദേശിക്കുന്നു. ഇതൊരു രേഖയുടെ എണ്ണം കുറയ്ക്കുന്ന പരിപാടിയല്ല. രേഖകളുടെ ഒന്നും എണ്ണം കുറയുന്നില്ല. ഭരണസംവിധാനത്തിന്റെ പ്രവർത്തനരീതി കൂടുതൽ ഏകോപിക്കാനുള്ള ശ്രമമാണ്. അപേക്ഷകൻ വിവിധ ഓഫീസുകൾക്കിടയിൽ അനാവശ്യമായി സഞ്ചരിച്ച്..., ഞാൻ ഒരു മലയാളി എം.എൽ.എ. എന്ന നിലയിലല്ല ഈ നാട്ടിലെ പൗരൻ എന്ന നിലയിൽ ഈ അപേക്ഷൻ ഇങ്ങനെ വരാന്തകളിൽ കയറി ഇറങ്ങുന്നതുകണ്ടിട്ട് ഒരു സാഡിസ്റ്റിനെ പോലെ ആനന്ദിക്കുന്ന നമ്മുടെ സിസ്റ്റം, നമ്മുടെ മുന്നിൽ ഒരു ചോദ്യം വരികയാണ്. people first or system first നമ്മൾ വോട്ട്

ചെയ്യുന്നത് people first-നാണ്. എന്ന് പറഞ്ഞാൽ നിയമപരമായ പരിപാലനം മാറ്റിവയ്ക്കണമെന്നല്ല. ആരാണ് ഈ നിയമമുണ്ടാക്കിയത്? നിയമം വേദപുസ്തകത്തിൽനിന്ന് ഇറങ്ങിവന്നതല്ല. നിയമം നമ്മൾ ഉണ്ടാക്കിയതാണ്. കാലോചിതമായ പരിഷ്കരണങ്ങൾ അതിനാവശ്യമാണ്. ലോകത്തെ എല്ലായിടത്തെയും മുദ്രവാക്യം അതാണ്. Development first, People first എന്നിവ. people first, system first എന്ന conflict വരുന്ന സമയത്ത് people first അവിടെ തന്നെ നിൽക്കുകയെന്നതാണ്. അതിന് അർഥം തണ്ണീർത്തടങ്ങൾ നികത്തുകയെന്നല്ല. തണ്ണീർത്തടത്തിന് മുകളിലുള്ള പ്രശ്നത്തിൽ തീരുമാനമെടുക്കാൻ 3 വർഷത്തേക്ക് പോകേണ്ടതില്ല. 75 ദിവസത്തിനകം ഒരു സംരംഭകനോട് സിസ്റ്റത്തിന് പറയാൻ സാധിക്കണം നിൽക്കണോ പോകണോ എന്ന വിവരം. അയാളുടെ ഇഷ്ടത്തിന് പോകട്ടെ. കോയമ്പത്തൂർ, കർണാടക, ഹൈദരബാദ്, മീഡിൽ ഈസ്റ്റ് പോകട്ടെ. മൂന്ന് വർഷം അയാളെ കേരളത്തിൽ കെട്ടിയിടരുതെന്ന വാശിയാണ് സരൾ കേരളം ബില്ലിലൂടെ ഇവിടെ യാഥാർഥ്യമാകുന്നത്. ഈ ബില്ലിന്റെ മറ്റൊരു പ്രധാന്യം

അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിനുള്ള ഘട്ടംതിരിച്ച സമയക്രമമാണ്. പൂർണമായ അപേക്ഷ ലഭിച്ചശേഷം പരമാവധി 75 ദിവസത്തിനുള്ളിൽ നടപടികൾ പൂർത്തിയാക്കുന്നതിനുള്ള വ്യവസ്ഥയാണ് ബിൽ മുന്നോട്ടുവയ്ക്കുന്നത്. പ്രാഥമിക പരിശോധന, സാങ്കേതിക പരിശോധന, റിപ്പോർട്ടുകളുടെ ഏകീകരണം, അന്തിമ തീരുമാനം ഇതെല്ലാം കൃത്യമായി പറയുന്നുണ്ട്. എവിടെയും ബൈപാസ് ചെയ്യുന്നില്ല. ആരാണ് പറഞ്ഞത് ബൈപാസ് ചെയ്യുന്നുണ്ടെന്ന്? ഇതെല്ലാം കൃത്യമായി നടക്കണം പക്ഷെ, വ്യക്തമായ സമയപരിധി നിശ്ചയിക്കുന്നു. വ്യവസായ ലോകത്ത് സമയത്തിന് വലിയ സാമ്പത്തിക മൂല്യമുണ്ട്. ഒരു പദ്ധതി വൈകുമ്പോൾ അതിനായി എടുത്ത വായ്പയുടെ പലിശയും ഭൂമിയുടെ ചെലവും യന്ത്രസാമഗ്രികളുടെ ചെലവും വർധിക്കും. ഉൽപാദനം വൈകുന്നതിലൂടെ വിപണിയിലെ അവസരങ്ങളും നഷ്ടപ്പെടാം. അതിനാൽ, സമയബന്ധിതമായ അനുമതി സംവിധാനം സംരംഭകരുടെ ചെലവ് കുറയ്ക്കുന്നതിനും നിക്ഷേപ തീരുമാനങ്ങളിൽ കൂടുതൽ വ്യക്തത സൃഷ്ടിക്കുന്നതിനും സഹായകമാകും. അതോടൊപ്പം, സമയപരിധി

പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കാനുള്ള ഉത്തരവാദിത്തവും ഭരണസംവിധാനത്തിനുണ്ടാകണം. സമയപരിധി നിയമത്തിൽ രേഖപ്പെടുത്തുന്നതോടൊപ്പം അത് പ്രായോഗികമായി നടപ്പാക്കുന്നതും പ്രധാനമാണ്. ഈ ബില്ലിന്റെ പ്രാധാന്യം മനസ്സിലാക്കേണ്ടത് അനുമതികൾ ഓൺലൈനായി നൽകുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമല്ല, അന്തിമ തീരുമാനമെടുക്കുന്ന സംവിധാനത്തിൽ കൊണ്ടുവരുന്ന മാറ്റത്തിന്റെ അടിസ്ഥാനത്തിലാണ്. ബിൽ, സംസ്ഥാനതലത്തിലും ജില്ലാതലത്തിലും അംഗീകാര സമിതികൾ രൂപീകരിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്ന കാര്യം കൃത്യമായി ഇവിടെ ചർച്ച ചെയ്തു. വിവിധ വകുപ്പുകളുടെ സാങ്കേതിക പരിശോധനകളും അഭിപ്രായങ്ങളും ഏകോപിപ്പിച്ച് തീരുമാനമെടുക്കാനുള്ള ഈ സംവിധാനം, വകുപ്പുകൾക്കിടയിലുണ്ടാകാവുന്ന അഭിപ്രായ വ്യത്യാസങ്ങൾ പരിഹരിക്കുന്നതിന് സഹായകമാകും. അതേസമയം ബന്ധപ്പെട്ട വകുപ്പുകളുടെ സാങ്കേതിക വൈദഗ്ധ്യവും നിയമപരമായ ഉത്തരവാദിത്വവും

സംരക്ഷിക്കപ്പെടണം. ഭരണപരമായ ഏകോപനവും സാങ്കേതിക പരിശോധനയുടെ ഗുണനിലവാരവും ഒരുമിച്ച് ഉറപ്പാക്കേണ്ടതുണ്ട്.

കേരളത്തിന്റെ വ്യവസായ വളർച്ചയ്ക്ക് സരൾ ബിൽ പ്രധാനമാകുന്നത് എന്തുകൊണ്ടാണ്? കേരളത്തിന് ഒരു ഗിഫ്റ്റഡ് മാൻ പവറുണ്ടെന്ന് നമുക്കറിയാം. സംരംഭകത്വശേഷിയുള്ള, Entrepreneurship പാഷനായിക്കൊണ്ടുനടക്കുന്ന നല്ല യൂത്തും ഗ്രോയിങ് ജനറേഷനും നമ്മുടെ മുന്നിലുണ്ട്. സാമൂഹിക അടിസ്ഥാനസൗകര്യങ്ങളും പ്രകൃതി വിഭവങ്ങളുമുണ്ട്. ഈ നേട്ടങ്ങളെ കൂടുതൽ ഉൽപാദനക്ഷമമായ സാമ്പത്തിക വളർച്ചയിലേക്ക് മാറ്റുന്നതിന് വ്യവസായ നിക്ഷേപം പ്രധാനമാണ്. നിക്ഷേപകർ ഒരു സംസ്ഥാനത്തെ വിലയിരുത്തുമ്പോൾ തൊഴിലാളികളുടെ ലഭ്യതയിലും അടിസ്ഥാനസൗകര്യങ്ങളിലും വിപണിയും മാത്രമല്ല, ഭരണസംവിധാനത്തിന്റെ കാര്യക്ഷമതയും അവിടത്തെ സിസ്റ്റത്തിന്റെ ആറ്റിറ്റ്യൂഡും അവർ എങ്ങനെ പ്രതികരിക്കുന്നുവെന്നുള്ളതും entrepreneur-നെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട concern ആണ്. അതുകൊണ്ട് ഇനിമുതൽ കേരളം വ്യവസായികളുടെ മുമ്പിൽ ശത്രുവായി നിൽക്കുകയല്ല,

കൃത്യമായ ഫെസിലിറ്റേറ്ററായി നിൽക്കുന്നു. അത് വേഗത്തിലും ഏറ്റവും ലളിതമായും നിൽക്കുന്നുവെന്നതാണ് സരൾ കേരളം ബില്ലിന്റെ പ്രാധാന്യമെന്ന് പറയുന്നത്.

അനുമതികൾക്ക് എത്ര സമയം വേണ്ടിവരും, വിവിധ വകുപ്പുകളുമായി എങ്ങനെ ഇടപെടണം, നിക്ഷേപം ആരംഭിക്കുന്നതിനുമുമ്പ് എന്തൊക്കെ നടപടികൾ പൂർത്തിയാക്കണം തുടങ്ങിയ കാര്യങ്ങളിൽ വ്യക്തതയുണ്ടെങ്കിൽ നിക്ഷേപകർക്ക് കൂടുതൽ ആത്മവിശ്വാസത്തോടെ തീരുമാനങ്ങളെടുക്കാൻ കഴിയും. സരൾ കേരളം ബിൽ ഫലപ്രദമായി നടപ്പാക്കാൻ കഴിയുകയാണെങ്കിൽ, പുതിയ വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള സംരംഭങ്ങൾ വികസിപ്പിക്കുന്നതിനും സാങ്കേതികവിദ്യ നവീകരിക്കുന്നതിനും കൂടുതൽ അനുകൂലമായ സാഹചര്യം സൃഷ്ടിക്കാനാകും. വ്യവസായ വളർച്ചയുടെ ഗുണഫലങ്ങൾ സംരംഭകരിൽ മാത്രം ഒതുങ്ങുന്നില്ല. തൊഴിലവസരങ്ങൾ, പ്രാദേശിക സേവനങ്ങളുടെ വളർച്ച, ഗതാഗതം, സംഭരണം, പാക്കേജിങ്, പരിപാലനം തുടങ്ങിയ അനുബന്ധ മേഖലകളിലേക്കും ഇത് വ്യാപിക്കുമെന്ന് നമുക്കറിയാം.

സർൾ കേരളം ബിൽ ഈ ദിശയിലുള്ള പ്രധാന ഭരണപരിഷ്കാര നിർദേശമാണ്. അപേക്ഷകൾ ഏകീകരിക്കുക, വകുപ്പുകൾക്കിടയിലെ ഏകോപനം മെച്ചപ്പെടുത്തുക, തീരുമാനങ്ങൾക്ക് സമയപരിധി നിശ്ചയിക്കുക, ഉത്തരവാദിത്വം ഉറപ്പാക്കുക എന്നിവയിലൂടെ വ്യവസായ മേഖലയിലെ അനാവശ്യമായ കാലതാമസം കുറയ്ക്കാനുള്ള അവസരമാണ് ഈ ബിൽ മുന്നോട്ടുവയ്ക്കുന്നത്. പ്രതിപക്ഷത്തിന്റെ ആശങ്കയുടെ മുന്നിൽ ഒരുകാര്യം ചേർത്തുപറയാൻ ആഗ്രഹിക്കുന്നു. വ്യവസായ വികസനവും നിയമപാലനവും പരസ്പരവിരുദ്ധമായ ലക്ഷ്യങ്ങളല്ല. കാര്യക്ഷമമായ ഭരണസംവിധാനത്തിലൂടെ രണ്ടും ഒരുമിച്ച് കൈവരിക്കാൻ സാധിക്കുമെന്ന് നമുക്ക് തെളിയിക്കാൻ സാധിക്കും. ഇവ രണ്ടും വിരുദ്ധമായി നിൽക്കേണ്ടതല്ല. കഴിഞ്ഞ അഞ്ച് വർഷം... പ്രതിപക്ഷം വാദമുഖങ്ങളൊക്കെ പറയുമ്പോൾ out of context എന്തിനാണ്? ഇവിടത്തെ പാവപ്പെട്ട വ്യവസായികൾക്കും കച്ചവടം ചെയ്യാനാഗ്രഹിക്കുന്ന സാധാരണക്കാരായ മനുഷ്യർക്കും.... വ്യവസായം, കച്ചവടം എന്നുപറയുമ്പോൾ ആദ്യത്തെ mind set ബൂർഷാ കുത്തക മുതലാളിമാരെന്നാണ്. ഒരു തൊഴിലിന് പോകുന്നതുപോലെതന്നെയാണ്

ഒരാൾ കച്ചവടത്തിനും പോകുന്നത്, അയാളുടെ കുടുംബത്തിന് അന്തസ്സോടെ ജീവിക്കുന്നതിനുവേണ്ടിയാണ്. അങ്ങനെയുള്ള ഒരാളോട് നിങ്ങൾ ഈ പറയുന്നതുപോലെയുള്ള ആഗോളവൽക്കരണം, അധികാര... എന്താണ് ഈ out of context ചർച്ച? നിങ്ങൾക്ക് ഇത്തരത്തിലുള്ള ധാരണകളും നയങ്ങളുമൊക്കെയുണ്ടായിട്ടും കഴിഞ്ഞ അഞ്ച് വർഷം എന്ത് സംഭവിച്ചുവെന്നതിനെക്കുറിച്ച് Gulati Institute of Finance and Taxation (GIFT)-ന്റെ journal ആണ് " Economy and Fiscal Watch" . രണ്ട് ദിവസം മുമ്പ് പ്രസിദ്ധീകരിച്ച ഈ ആർട്ടിക്കിൾ ബഹുമാനപ്പെട്ട അംഗം കെ. രാജന് നൽകുന്നുണ്ട്. കഴിഞ്ഞ അഞ്ച് വർഷം ഇവിടെ എന്താണ് നടന്നതെന്ന് ഈ ആർട്ടിക്കിളിൽ വളരെ കൃത്യമായി പറയുന്നുണ്ട്. കഴിഞ്ഞ അഞ്ച് വർഷം കേരളത്തിൽ നിക്ഷേപ വരൾച്ചയായിരുന്നു. I.S Gulati Institute (Prof. I. S. Gulati) എന്നുകേൾക്കുമ്പോൾ നിങ്ങൾക്ക് ഒരു വൈകാരിക ബന്ധം Gulati-യോട് ഉണ്ടാകും. ഇത് Gulati Institute-ലെ professional-ന്റെ പഠനമാണ്. 2021 മുതൽ 2026 വരെയുള്ള അഞ്ച് വർഷം 46,981 കോടി രൂപയുടെ നിക്ഷേപം നിങ്ങൾ പ്രഖ്യാപിച്ചു. അതിൽ 43,421

കോടി രൂപയുടെയും നിക്ഷേപം ഉപേക്ഷിച്ചുവെന്ന ഞെട്ടിക്കുന്ന കണക്കാണ് ഇപ്പോൾ പുറത്തുവന്നിട്ടുള്ളത്. ഇങ്ങനെ പറയുമ്പോൾ അതായത്, പ്രഖ്യാപിക്കപ്പെട്ട സ്വകാര്യ നിക്ഷേപത്തിലെ ഓരോ രൂപയുടെയും 92 പൈസയുടെ പദ്ധതികളും ഈ കാലയളവിൽ ഉപേക്ഷിക്കപ്പെട്ടുവെന്നുള്ളതാണ്. 2022 മുതൽ 2026 വരെയുള്ള കാലയളവിൽ പൂർത്തിയാക്കിയത് 6,101 കോടി രൂപയുടെ പദ്ധതികൾ മാത്രമാണ്. ഇത് സംസ്ഥാനത്തെ വാർഷിക പദ്ധതികൾ വഴിയുള്ള സർക്കാർ നിക്ഷേപത്തിന്റെ വെറും 12 ശതമാനം മാത്രമാണ്. എന്നുപറഞ്ഞാൽ കേരളത്തിൽ നിക്ഷേപ വരൾച്ചയുണ്ട്, കഴിഞ്ഞ അഞ്ച് വർഷം ഒരു രൂപ പ്രഖ്യാപിച്ചാൽ 92 പൈസയും ഉപേക്ഷിക്കുന്നുവെന്ന അർഥത്തിലുള്ള പഠനമാണ്. ഈ നയങ്ങളിലും നിലപാടുകളിലുമൊക്കെ നിങ്ങൾക്ക് ധാരണയുണ്ടാകുമ്പോൾത്തന്നെ അത് ഇവിടെ സംഭവിച്ചുവെന്നുള്ളത് ഒരു സത്യമാണ്. നിലവിൽ Kerala Single Window Interface for Fast and Transparent (K-SWIFT) പോലെയുള്ള എല്ലാ സംവിധാനങ്ങളിലും ഇവർക്കാവശ്യമായ സർട്ടിഫിക്കറ്റുകൾ വളരെവേഗം

ലഭ്യമാക്കുന്നതിനായി നിയമപരമായ അധികാരങ്ങൾ നൽകിയിട്ടുണ്ട്. പക്ഷെ പ്രായോഗികമായി ഈ ബോർഡുകൾ ഫലപ്രദമായ, നിയമപരമായ അനുമതി നൽകുന്ന അധികാരസ്ഥാപനങ്ങളായി പ്രവർത്തിക്കുന്നതിനുപകരം പ്രധാനമായും ഫെസിലിറ്റേഷൻ, അഡ്വൈസറി തുടങ്ങിയ സംവിധാനങ്ങളിൽ മാത്രമാണ് പ്രവർത്തിച്ചുവന്നത്. എന്നുപറഞ്ഞാൽ in-principle, K-SWIFT സംവിധാനങ്ങൾ കാര്യങ്ങൾ സ്പീഡാക്കുന്നതിനായി വന്നതാണെങ്കിലും അതൊന്നും പ്രായോഗികമായി നടന്നിട്ടില്ലെന്ന വെളിപ്പെടുത്തലും പുറത്തുവരുന്നു. അപ്പോൾ നമുക്ക് യൂ ടേൺ ചെയ്യേണ്ട, മുന്നോട്ടുപോകാം. കേരളം ഒരു പുതിയ യുഗത്തെ അഭിമുഖീകരിക്കുകയാണ്. ഇവിടെ ഒരു പുതിയ ഗവൺമെന്റ് വന്നതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരളത്തോട് നിരന്തരമായി ആവർത്തിച്ചുപറയുന്ന കാര്യങ്ങളായ ഇൻവെസ്റ്റ്മെന്റ് കേരളം, മിഷൻ സമുദ്ര, സിൽവർ ഇക്കോണമി, ഗ്ലോബൽ ജോബ് വാച്ച് ടവർ, ബ്ലൂ ഇക്കോണമി, സതേൺ കേരളാ ഇക്കണോമിക് കോറിഡോർ & റെയർ എർത്ത് ആന്റ് ക്രിട്ടിക്കൽ മിനറൽസ് കോറിഡോർ പോലെയുള്ള സങ്കൽപത്തിലൂടെ കേരളത്തെ ഒരു

പ്രതീക്ഷയിലേക്ക് കൊണ്ടുപോകാം. കഴിഞ്ഞ ദിവസം എന്റെ നിയോജകമണ്ഡലത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രിയും പങ്കെടുത്ത ഒരു പരിപാടിയായിരുന്നു HiLITE Group-ന്റെ സൈബർ ടവറിന്റെ ഉദ്ഘാടനം. അവർ 1 ലക്ഷം തൊഴിലവസരങ്ങളാണ് നൽകാൻ പോകുന്നത്. എല്ലാവരും പദ്ധതികൾ തുടങ്ങുന്നത് പ്രഖ്യാപിക്കും. എന്നാൽ HiLITE Group-ന്റെ ചെയർമാൻ പറഞ്ഞത് ഈ പദ്ധതി ഞങ്ങൾ 2028-ൽ ഫിനിഷ് ചെയ്യുമെന്നാണ്. എന്നുപറഞ്ഞാൽ ടൈം ഫ്രെയിമും ഡെഡ്‌ലൈനും പറയുകയാണ്. അവിടെ വേൾഡ് ട്രേഡ് സെന്റർ എന്ന പേരിൽ മറ്റൊരു പദ്ധതി കൂടിയുണ്ട്. അമേരിക്കയിലെ വേൾഡ് ട്രേഡ് സെന്ററിനെ വെല്ലുന്ന രീതിയിൽ അതിന്റെ ഫ്രാഞ്ചൈസി നമ്മുടെ കോഴിക്കോട് ജില്ലയിൽ വരികയാണ്. പക്ഷെ, പതിനായിരം കോടിയുടെ ഇത്തരം നിക്ഷേപങ്ങൾ, 1 ലക്ഷം ആളുകൾക്ക് തൊഴിൽ നൽകാനുള്ള സാധ്യതകൾ എന്നിവ കോർപ്പറേഷൻ ഓഫീസിലെ ഒരു എൽ.ഡി. ക്ലാർക്ക് വിചാരിച്ചാൽ ബ്ലോക്കാക്കാൻ സാധിക്കുന്ന ഒരു കേരളത്തിലാണ് നമ്മൾ ജീവിക്കുന്നത്. ഇതിന് മാറ്റം വേണ്ടേ, നിങ്ങൾ

പാർട്ടി മറന്ന് ചിന്തിക്കൂ. നമുക്ക് വിൻ-വിൻ കളി മതി, ലൂസ്-ലൂസ് ഗെയിമിലേക്ക് പോകേണ്ട. അങ്ങനെ ചെയ്താൽ അത് നിങ്ങൾ ഭരണപക്ഷത്തോട് ചെയ്യുന്ന ധിക്കാരം ആയിരിക്കില്ല. നിങ്ങൾക്കെതിരെ വിരൽ ചൂണ്ടുന്നത് നിങ്ങളുടെ വീട്ടിലെ പുതിയ തലമുറയിലെ വിദ്യാഭ്യാസമുള്ള മക്കളായിരിക്കുമെന്ന ബോധ്യം എല്ലാവർക്കും ഉണ്ടാകുന്നത് നല്ലതാണ്. ചരിത്രപ്രധാനമായ ഈ ബിൽ ഇവിടെ അവതരിപ്പിക്കുമ്പോൾ ഈ ചർച്ച മുഴുവൻ ഡോക്യുമെന്റഡാണ്. ഇത് 4 കോടി മലയാളികൾ സ്വദേശത്തും വിദേശത്തുമായി ഇരുന്നുകാണുകയാണ്, ഈ സഭ കേരളം ബില്ലിന്റെ സന്തോഷവാർത്ത ലോകത്തെ മലയാളികൾ മുഴുവൻ കാണുകയാണ്. പുറത്തുള്ള ഒരു കോടി മലയാളികൾക്കും വെൽക്കം ബാക്ക്, സഭ കേരളം ബിൽ നിങ്ങളെ വെൽക്കം ബാക്ക് ചെയ്യുന്നു. നിങ്ങൾ തിരിച്ചുവരൂ, Remitance economy-യിൽനിന്ന് Investment economy-യിലേക്ക് കേരളത്തെ കൈ പിടിക്കുകയാണ്. കേരളത്തിന്റെ വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രിയായ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയാണ് അതിന് കൈ പിടിക്കുന്നതെന്നുപറയുമ്പോൾ നമുക്ക്

പറയാൻ സാധിക്കും; ഹൈദരാബാദ് സൈബറാബാദ് ആക്കുന്നതിനുമുമ്പ്, മൈക്രോസോഫ്റ്റും McKinsey-യും ഗ്രഗിളും PwC (Pricewaterhouse Coopers) -യും ബംഗളൂരുവിൽ തമ്പടിക്കുന്നതിനുമുമ്പ് 1995-ൽ മലയാളിക്കുമുമ്പിൽ ടെക്നോപാർക്കിന്റെ വാതിലുകൾ തുറന്നുകൊടുത്ത കേരളത്തിന്റെ വ്യവസായ വകുപ്പുമന്ത്രിയായിരുന്ന അദ്ദേഹം. രണ്ട് പതിറ്റാണ്ട് മുമ്പ് ഈ ടെക്നോപാർക്ക് തുറന്നുകൊടുക്കുമ്പോൾ എന്തൊക്കെ ആരോപണങ്ങളുണ്ടായി? ഇത് അന്താരാഷ്ട്ര ഐ.ടി. കമ്പനികൾക്ക് കേരളത്തെ... എന്ന രീതിയിൽ എന്തൊക്കെ ചർച്ചകളുണ്ടായി. എല്ലാ താത്വിക ചർച്ചകളും പ്രത്യയശാസ്ത്ര ചർച്ചകളും ഉണ്ടായപ്പോൾ ആ ഗവൺമെന്റ് നിശ്ചയദാർഢ്യത്തോടെ പോയപ്പോൾ എന്താണ് സംഭവിച്ചത്? ഇവരൊക്കെ ജീവിച്ചിരിക്കുമ്പോൾത്തന്നെ അവരുടെ സെക്കൻഡ് ജനറേഷൻ ടെക്നോപാർക്കിൽനിന്നും സ്റ്റാർട്ട്അപ്പ് മിഷനിലേക്കും സ്റ്റാർട്ട്അപ്പ് മിഷനിൽനിന്നും ഇൻകുബേഷൻ സെന്ററിലേക്കും വളർന്നു. ഇന്ന് എന്റെ കോഴിക്കോട് നിയോജകമണ്ഡലത്തിൽ വികസനപ്രവർത്തനങ്ങൾ.... ബഹുമാനപ്പെട്ട അംഗങ്ങളായ ശ്രീ. എം. എ. റസാഖ് മാസ്റ്റർ,

ശ്രീ. പി. കെ. ഫിറോസ്, ശ്രീ. സി. കെ. കാസിം, ശ്രീമതി ഫാത്തിമ തഹിലിയ, ശ്രീ. കെ. ജയന്ത്, ശ്രീ. കെ. പ്രവീൺ കുമാർ തുടങ്ങിയ സഹസമാജികരുള്ള സദസ്സാണ് ഇത്. കോഴിക്കോട് ഞങ്ങൾ ഇന്ന് ചിന്തിക്കുന്നത് ജി.സി.സി. (Global Capability Center -GCC) ആണ്. കട്ടൻ ചായയുടെയും പരിപ്പുവടയുടെയും രാഷ്ട്രീയം പറഞ്ഞ് തണ്ണീർത്തടത്തിന്റെ പേരിൽ കവിത രചിച്ച്, നമുക്ക് ടെക്നോപാർക്കും സൈബർ പാർക്കും വ്യവസായ നഗരങ്ങളും ഉണ്ടായിരുന്നില്ലെങ്കിൽ ബംഗാളികൾ കേരളത്തിലെ നമ്മുടെ ടേബിൾ തുടയ്ക്കുന്നതുപോലെ ലോകത്തിനുമുമ്പിൽ മലയാളികൾ മുഴുവൻ തെരുവിലൂടെ യാചകരായി നടക്കേണ്ടിവരുമായിരുന്നു. ഇന്ന് അമേരിക്കയിലെ സിലിക്കൺ വാലിയിൽ ലോകത്തിലെ ഐ.ടി. ടെക്-കമ്പനികളുടെ സി.ടി.ഒ. (Chief Technical Officer) ഒരു മലയാളിയാണ്. നമ്മുടെ മക്കളാണ്, അവരെ കൈപിടച്ചുയർത്തിയത് നിശ്ചയദാർഢ്യമുള്ള ഒരു രാഷ്ട്രീയ നേതൃത്വമാണ്. ഞാൻ ഈ ചർച്ച അവസാനിപ്പിക്കുമ്പോൾ ഒരു കാര്യം പറഞ്ഞില്ലെങ്കിൽ ഈ ബില്ലിന്റെ സാമൂഹികവും രാഷ്ട്രീയവുമായ പശ്ചാത്തലം

അറിയാതെ പോകും. മലയാളികളേ, സരൾ കേരളം ബിൽ കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്? ഒറ്റവാക്കിൽ ഞാൻ പറയാം; സരൾ കേരളം ബിൽ ഇതാണ്, ഇനി താൻ പൂർത്തിയാക്കിയ... എന്റെ ക്ലാസ്മേറ്റ് കൂടിയായ ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. വി. സുമേഷ്, അങ്ങയുടെ മണ്ഡലത്തിലെ ന്യൂ ജനറേഷൻ പോലും ഇന്നത്തെ പ്രസംഗങ്ങൾ ഡിലീറ്റ് ചെയ്യണം. മലയാളികളോട് സരൾ വാർത്തയെക്കുറിച്ച് ഞാൻ ഒറ്റവാക്കിൽ പറയാം, ഇതാണ് സരൾ, നിങ്ങളാരും അതിന്റെ സാങ്കേതികത്വത്തിലേക്ക് പോകേണ്ട, കാരണം ഈ പ്രത്യയ ശാസ്ത്ര ഡയലോഗുകളൊന്നും കേൾക്കാൻ ആർക്കും സമയമുണ്ടാകുകയില്ല, ആളുകളൊക്കെ വളരെ എൻഗേജ്ഡാണ്. എന്താണ് സരൾ കേരളം ബിൽ? സരൾ ഇതാണ്.... ഈ സദസ്സ് മൗനമായി കേൾക്കണമെന്ന് ഞാൻ പറയട്ടെ, ജീവിതം മുഴുവൻ അധ്വാനിച്ചുണ്ടാക്കിയ സമ്പാദ്യം ഉപയോഗിച്ച് പടുത്തുയർത്തി പൂർത്തീകരിച്ച ഒരു കല്ല്യാണമണ്ഡപത്തെ മൂകസാക്ഷിയാക്കി, ഫയലിൽ കെട്ടിക്കിടക്കുന്ന സാങ്കേതികത്വത്തിന്റെ കുരുക്കിൽ മനംമടുത്ത് തന്റെ ജീവിതം അവസാനിപ്പിക്കേണ്ടി വരുന്ന ഒരു സാജനും ഇനി കേരളത്തിലുണ്ടാകില്ലെന്ന

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രിയുടെയും യു.ഡി.എഫ്. ഗവൺമെന്റിന്റെയും നിശ്ചയദാർഢ്യത്തിന്റെ ചുരുക്കപ്പേരാണ് സരൾ കേരളം ബിൽ എന്ന് പറയുന്ന ഈ നിയമം. കേരളത്തിന്റെ ഇൻഡസ്ട്രിയൽ ഐ.ടി. ഇക്കോസിസ്റ്റം വിഭജിക്കപ്പെടാൻ പോകുകയാണ്, സരൾ കേരളം ബില്ലിന്റെ മുമ്പും സരൾ കേരളം ബില്ലിന്റെ ശേഷവും.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, 2026-ലെ സരൾ (സിംപ്ലിഫൈഡ് & ആക്സിലറേറ്റഡ് റെഗുലേറ്ററി അപ്രൂവൽ ആൻഡ് ലൈസൻസിംഗ്) കേരളം ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതിയെ ഞാൻ പിന്താങ്ങുന്നു.

ഈ ബില്ലിനെ ഞാൻ എതിർക്കുകയാണ്. അതിന് കാരണം, ഈ ബില്ലിന്റെ ഉദ്ദേശ്യം സദുദ്ദേശ്യമല്ല, ദുരുദ്ദേശ്യമാണ്. ഇവിടെ ഈ ബിൽ അനാവശ്യമാണ്. അനാവശ്യമാണെന്ന് ഞാൻ പറയാൻ കാരണം, ബിൽ അവതരിപ്പിച്ചുകൊണ്ടുതന്നെ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി പറഞ്ഞ ഒരു കാര്യമുണ്ട്; ഞാൻ മുമ്പ് വ്യവസായ വകുപ്പുമന്ത്രി ആയിരുന്നു, പത്തുവർഷം മുമ്പുണ്ടായ സാഹചര്യമല്ല ഇപ്പോൾ കേരളത്തിലുള്ളത്,

ഇപ്പോൾ കേരളത്തിൽ നിക്ഷേപം നടത്താൻ വേണ്ടി ധാരാളം വ്യവസായികൾ താൽപര്യം പ്രകടിപ്പിക്കുന്ന ഒരു സമയമാണ് എന്നാണ് അദ്ദേഹം പറഞ്ഞത്. അത് വെറുതെ ഉണ്ടായതല്ല, കഴിഞ്ഞ പത്ത് വർഷമായി കേരളത്തിലെ സർക്കാർ സ്വീകരിച്ച വിവിധങ്ങളായ നടപടിക്രമങ്ങളുടെ ഭാഗമായാണ് നിക്ഷേപകർ ഇന്ന് കേരളത്തിൽ നിക്ഷേപം നടത്താനും വ്യവസായം നടത്താനും തയ്യാറായിട്ടുള്ളത്. ഡിലേ ഒഴിവാക്കാൻ അല്ലേ എന്ന് ഇപ്പോൾ ബഹുമാനപ്പെട്ട ചെയർ തന്നെ സൂചിപ്പിച്ചു. ശ്രീ. ഫൈസൽ ബാബു സംസാരിച്ചപ്പോൾ ഇവിടെ എന്തോ ഡിലേ നിൽക്കുന്നു, ആ ഡിലേ ഒഴിവാക്കാൻ വേണ്ടിയാണിത് എന്ന് പറഞ്ഞു. കേൾക്കുമ്പോൾ നല്ല രസമാണ്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞതല്ല ഈ ബില്ലിലുള്ളത്. ഈ ബിൽ നിഗൂഢമാണ്. കേരളത്തിന്റെ നീർച്ചാലുകളും നെൽവയലുകളുമൊക്കെ ഇല്ലാതാക്കാനാണ് ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നത്. ഡിലേ ഒഴിവാക്കാൻ കേരളത്തിൽ ധാരാളം സംവിധാനങ്ങൾ നിലനിൽക്കുന്നുണ്ടല്ലോ; ഏകജാലക സംവിധാനം ആദ്യമായിട്ടല്ലല്ലോ വരാൻ പോകുന്നത്; സരൾ

(സിംപ്ലിഫൈഡ് & ആക്സിലറേറ്റഡ് റെഗുലേറ്ററി അപ്രൂവൽ ആൻഡ് ലൈസൻസിംഗ്) കേരളം ബില്ലിലൂടെ അല്ലല്ലോ അത് വരാൻ പോകുന്നത്. കെ-സ്വിഫ്റ്റ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ അതിന്റെ ഭാഗമായിട്ട് ഉണ്ടല്ലോ; ഇതിന് നമ്മുടെ ആരുടെയും അഭിപ്രായം വേണ്ട. നമുക്കറിയാം, ഏറ്റവും പ്രമുഖനായ ഒരു വ്യവസായിയാണ് വിപ്രോയുടെ മാനേജിങ് ഡയറക്ടർ ശ്രീ. ശ്രീനാഥ് വിഷ്ണു. അദ്ദേഹം കുറച്ച് ദിവസങ്ങൾക്കുമുൻപ് നടത്തിയ ഒരു പ്രസംഗമുണ്ട്. ലോകമാകെയുള്ള നിക്ഷേപകർ ശ്രദ്ധിച്ച ആ പ്രസംഗം, ബഹുമാനപ്പെട്ട മുൻ വ്യവസായ വകുപ്പുമന്ത്രിയായ ശ്രീ. പി. രാജീവ്-നെ ഇരുത്തിക്കൊണ്ടാണ് അദ്ദേഹം പ്രസംഗിച്ചത്. ലോകവ്യവസായികളോട് അദ്ദേഹം പറഞ്ഞത്, 'ഞാൻ കേരളത്തിൽ ഒരു സംരംഭത്തിന് കെ-സ്വിഫ്റ്റിലൂടെ അപേക്ഷ കൊടുത്തു. എനിക്ക് എല്ലാ അനുമതികളും മിനിട്ടുകൾക്കുള്ളിൽ കിട്ടി, എന്നെ അത്ഭുതപ്പെടുത്തി' എന്നാണ്. ഇവിടെ ഡിലേ ആണെന്ന പേരിൽ ഒരു നരേഷൻ ഉണ്ടാക്കിയെടുക്കാൻ ശ്രമിക്കുകയാണ്. ശ്രീ. ഫൈസൽ ബാബു ഇപ്പോൾ യൂത്ത് ലീഗിന്റെ കേരള ദേശീയ പ്രസിഡന്റാണെന്ന് എനിക്ക് തോന്നുന്നു.

അദ്ദേഹം കേരളത്തിലെ കാര്യങ്ങൾ ഈ സമയത്ത് അത്ര നന്നായി മനസ്സിലാക്കിയിട്ടില്ലെന്നു തോന്നുന്നു. അദ്ദേഹം പ്രസംഗിച്ച് പ്രസംഗിച്ച് എന്താണ് അധികാര വികേന്ദ്രീകരണം എന്നുപോലും പരാമർശിക്കുന്ന സ്ഥിതിയിലേക്ക് വന്നു. അതായത് അധികാര വികേന്ദ്രീകരണത്തെപ്പോലും അദ്ദേഹം മോശമായി ചിത്രീകരിക്കുന്നു. അധികാര വികേന്ദ്രീകരണംപോലും പുതിയ തലമുറയോ അല്ലെങ്കിൽ ഭാവി തലമുറയോ ഇഷ്ടപ്പെടുന്നില്ല എന്ന നിലയിലാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കേണ്ട അധികാരങ്ങളൊക്കെ ഉണ്ടാകണം. ഇത് മലയാള മനോരമയാണ് (പത്രം ഉയർത്തിക്കാണിച്ചു). സംസ്ഥാനത്തെ മുൻ വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി. രാജീവിന് ഉപഹാരം കൊടുക്കുന്നത് കേന്ദ്രമന്ത്രി ശ്രീ. പീയുഷ് ഗോയൽ ആണ്. എന്തിനാണ് കൊടുത്തതെന്ന് അറിയണ്ടേ; വ്യവസായ സൗഹൃദത്തിന്റെ കാര്യത്തിൽ 2019-ൽ 28-ാം സ്ഥാനത്തുണ്ടായിരുന്ന കേരളം 2022-ൽ ഒന്നാം സ്ഥാനത്തെത്തിയതിനാണ് കൊടുത്തത്. ഈ മലയാള മനോരമയുടെ തലക്കെട്ട് വായിച്ചാൽ മതിയല്ലോ. 'വ്യവസായ സൗഹൃദ അന്തരീക്ഷം കേരളത്തിന്റെ കുതിച്ചുചാട്ടം'. ശ്രീ. ഫൈസൽ ബാബു

സഭയിൽ ഇല്ലെന്ന് തോന്നുന്നു. അദ്ദേഹം ശ്രീ. കെ. വി. സുമേഷ്-ന്റെ ക്ലാസ്മേറ്റാണ്. അദ്ദേഹത്തിന് ഈ വാർത്തയൊന്ന് കൊടുക്കണം.

<u>ശ്രീമതി ഫാത്തിമ തഹിലിയ</u>: സർ, ചർച്ചയിൽ പങ്കെടുക്കുന്ന അംഗങ്ങൾ സംസാരിക്കുമ്പോൾ ഇവർ പുറംചട്ട കണ്ടിട്ടാണ് കാര്യങ്ങൾ വിശകലനം ചെയ്യുന്നതെന്നാണ് തോന്നുന്നത്. ആക്ടിന്റെ ഉള്ളടക്കത്തിലേക്കും ഇതിന്റെ സെക്ഷനിലേക്കും പോയാൽ കൃത്യമായി ഈ ആക്ട് എന്തിനെക്കുറിച്ചാണ് പറയുന്നതെന്ന് വ്യക്തമാണ്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം സിംപ്ലിഫിക്കേഷൻ ഓഫ് ദ പ്രോസസ്സ് ആണ്. ഈ പ്രൊസീഡ്യുവർ ഏറ്റവും സിംപിൾ ആക്കാൻ സാധിക്കുന്ന കാര്യങ്ങൾ, ഏതൊക്കെ രൂപത്തിൽ ഒരു സിംഗിൾ വിൻഡോ സിസ്റ്റത്തിലൂടെ കൊണ്ടുപോകാം എന്നുള്ളത് ആക്ടിൽ പറയുന്നുണ്ട്. ബില്ലിലെ സെക്ഷൻ 14(3)-ൽ എഴുപത്തിയഞ്ച് ദിവസത്തിനുള്ളിൽ അപേക്ഷകളിന്മേലുള്ള സാങ്കേതികവും കൺസോളിഡേറ്റഡ് ആയിട്ടുള്ള ഡിസിഷൻ മേക്കിങ് വരെയുള്ള എല്ലാ കാര്യങ്ങളും ചെയ്തുകൊള്ളണം എന്ന് പറയുന്നുണ്ട്. സെക്ഷൻ 14-ന്റെ (3)(ii), (3)(iii), (3)(iv), (3)(v) ഉപവകുപ്പുകൾ ദയവുചെയ്ത്

വായിക്കണമെന്ന് അറിയിക്കുകയാണ്. നേരത്തെ ബഹുമാനപ്പെട്ട അംഗം തണ്ണീർത്തടം നികത്തുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ ഇവിടെ പറഞ്ഞു. അത് സെക്ഷൻ 17-ലെ സേഫ്റ്റി സ്റ്റാൻഡേർഡ്സ്-ൽ പറഞ്ഞിട്ടുണ്ടെന്ന് അംഗത്തെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. കോമ്പീറ്റന്റ് അതോറിറ്റിക്ക് പവർ നഷ്ടപ്പെടുന്നു എന്ന് പറയുന്നുണ്ട്. ഏത് ഡിസിഷൻ എടുത്താലും കോമ്പീറ്റന്റ് അതോറിറ്റ് ഇത് ഇൻസ്പെക്ട് ചെയ്യാനും അതിനെക്കുറിച്ച് അന്വേഷിക്കാനുമുള്ള അധികാരമുണ്ട് എന്നുള്ളത് സെക്ഷൻ 13-ൽ കൃത്യമായി പറയുന്നുണ്ട്.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഇതിൽ ഏതാണ് വയലേഷൻ എന്ന് ചോദിച്ചാൽ ബഹുമാനപ്പെട്ട അംഗങ്ങൾ ശ്രീ. പി. പ്രസാദും ശ്രീ. കെ. രാജനും തന്നെ സൂചിപ്പിച്ചു. 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ടിനെയും 2016-ലെ കേരള നഗര-ഗ്രാമസൂത്രണ ആക്ടിനെയും ബൈപ്പാസ് ചെയ്യുകയാണ്. ഇപ്പോൾ നമുക്ക് എന്തിനാണ് ഈ അനാവശ്യമായ ബിൽ; ഇവിടെ തടസ്സം ഇല്ലല്ലോ; ഇവിടെ എവിടെയാണ് തടസ്സം; ഇവിടെ അങ്ങനെയൊരു നരേറ്റീവ് സൃഷ്ടിച്ചതിനുശേഷം... ഇവിടെ

നിഗ്രഹ വ്യവസായികളായ ചിലയാളുകളുണ്ട്. അവരിങ്ങനെ കറങ്ങി ഇതുവഴി നടപ്പുണ്ട്. അവരെ സഹായിക്കാൻ വേണ്ടിയാണ്. അവർ ആരാണെന്ന് ഞാൻ പറയേണ്ട കാര്യമില്ലല്ലോ. ഇവിടെ ഒരു നൂണ വ്യവസായി... (..ബഹളം..) പറയാം..... പറയിപ്പിച്ചേ പോകൂ എങ്കിൽ പറയാം. ഒന്ന്, ഒരാൾ ഒരു വ്യവസായം തുടങ്ങിയിരുന്നു, വനം വകുപ്പുമന്ത്രിക്കൊപ്പം സിനിമാ നിർമ്മാണം ആരംഭിച്ച് അത് പൂട്ടി കാശെല്ലാം പോയി. അപ്പോൾ ആൾ ഇങ്ങനെ നോക്കി നടന്നപ്പോഴാണ് നിങ്ങൾ ഇവിടെ ഒരു ഡയറക്ടർ സ്ഥാനം കൊടുത്തത്. നല്ല ചങ്ങാതി ഉണ്ടായാൽ കണ്ണാടി വേണ്ട എന്നല്ലേ. ഇപ്പോൾ അത് മാറി, സുഹൃത്ത് കേരളത്തിലെ മന്ത്രി ആയാൽ എന്തുമാകാം. എന്നിട്ട് (...ബഹളം...) പറയാം ... അടുത്തത് പറയാം... പത്തനാപുരം അംഗം, എന്റെ അയൽപക്കത്തെ അംഗം, വാശിപിടിച്ചാൽ എനിക്ക് പറയാതിരിക്കാൻ കഴിയില്ലല്ലോ; ഇവിടന്ന് ഒരു നിക്ഷേപകനെ കാണാൻ ചാർട്ടേഡ് ഫ്ലൈറ്റ് എടുത്ത് എറണാകുളത്ത് പോയി. നമ്മൾ ചോദിച്ചു, മാധ്യമങ്ങൾ ചോദിച്ചു, കേരളം ആകെ ചോദിച്ചു ആരാണ് ആ നിക്ഷേപകൻ; ചത്താൽ പറയില്ല എന്നാണ് പറഞ്ഞത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെയെങ്കിലും പറയൂ

ആരാണ് ആ നിക്ഷേപകൻ; ഇപ്പോൾ ചെന്നില്ലെങ്കിൽ, ഒരു മണിക്കൂറിനുള്ളിൽ പറന്ന് അവിടെ ചെന്നില്ലെങ്കിൽ എന്താണ് സംഭവിക്കുന്നത്, ആ നിക്ഷേപകൻ അപ്പോൾ അവിടന്ന് തമിഴ്നാട്ടിലേക്ക് പോകും. ആരാണെന്ന് പറയൂ? നമുക്ക് അത്തരം ചില നിഗൂഢ വ്യവസായികൾ.. ഇപ്പോൾ തന്നെ തള്ളിനൊന്നും ഒരു പ്രശ്നവുമില്ല. എന്താണ് പറഞ്ഞത്; പതിനായിരം കോടി (..ബഹളം..)... വഴങ്ങാം.... പറഞ്ഞൊന്ന് അവസാനിപ്പിക്കട്ടെ..(..ബഹളം..) പതിനായിരം കോടി രൂപയുടെ ടാറ്റ നിക്ഷേപം. ആ ടാറ്റ നിക്ഷേപം ഇവിടെ മിഷൻ സമൃദ്ധ പദ്ധതിയിൽ വരാൻ പോകുന്നു. ആ വാർത്ത കണ്ട ടാറ്റ ഇരുന്ന കസേരയിൽനിന്ന് താഴെപ്പോയി എന്നാണ് കേട്ടത്. 150 വർഷത്തിലധികം വ്യവസായരംഗത്ത് പരിചയമുള്ള ടാറ്റ ഗ്രൂപ്പ് ..... കേരളത്തിന്റെ മുഖ്യമന്ത്രി അങ്ങനെ പറഞ്ഞത് തെറ്റാണ്, ഞങ്ങൾ അങ്ങനെ നിക്ഷേപം നടത്താൻ വാഗ്ദാനം കൊടുത്തിട്ടില്ല എന്ന് പത്രക്കുറിപ്പിലൂടെ പറയേണ്ട സാഹചര്യം വന്നു. അങ്ങനെയുള്ള ആളുകളുടെയെല്ലാം പേര് മുമ്പിലേയ്ക്കിട്ട് ഇവിടെ ചില നിഗൂഢ വ്യവസായികൾക്ക് വഴിവിട്ട സഹായം ചെയ്യുന്നതിനുവേണ്ടിയാണ്

ഈ ബിൽ. ഈ സ്റ്റാറ്റ്യൂട്ടറി ബോഡിയൊക്കെ മുൻപുമുണ്ട്. ചീഫ് സെക്രട്ടറി അധ്യക്ഷനായ ബോഡിയൊക്കെ മുൻപുമുണ്ട്. അതിന്റെ അധികാരങ്ങളെല്ലാം മുൻപുമുണ്ട്. ഡിലേ ഒഴിവാക്കാനല്ല, വളഞ്ഞ വഴിയിലൂടെ പരിസ്ഥിതിയെയും നമ്മുടെ നാടിനെയുമൊക്കെ തകർക്കുന്നതിനാണ്. ബഹുമാനപ്പെട്ട കോഴിക്കോട് സൗത്ത് അംഗത്തിനോട് ഞാൻ പറയുന്നു ഇത് നമ്മുടെ ഉത്തരവാദിത്വമാണ്.

ചെറിയൊരു മഴ പെയ്താൽ റോഡും തോടും എല്ലാം വെള്ളം കയറുകയാണ്. നമ്മുടെ വയലുകളും തണ്ണീർത്തടങ്ങളും ഭാവി തലമുറയ്ക്കുവേണ്ടി സംരക്ഷിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. നമ്മുടെ കേരളം ഇങ്ങനെ നിൽക്കണം. ആറന്മുളയിൽ, ശബരിമല വിമാനത്താവളത്തിന് എത്രയോ ഭൂമി ആ ജില്ലയിൽത്തന്നെയുണ്ട്. ബഹുമാനപ്പെട്ട റാന്നി അംഗം വന്നാൽ ഞാൻ ഭൂമി കാണിച്ചുതരാം. നിങ്ങൾ വിമാനത്താവളം പണിയൂ. ഇത് അതല്ല. ചില ആളുകൾക്കെല്ലാം ഈ വയലുകളെല്ലാം നികത്തുക, നമ്മുടെ പരിസ്ഥിതിയെ തകർക്കുക, നമ്മുടെ നാടിനെ തകർക്കുക, അങ്ങനെ ദുരുദ്ദേശ്യത്തോടുകൂടി വന്നിട്ടുള്ള ഈ ബിൽ

പൊതുജനാഭിപ്രായത്തിനുവേണ്ടി അയയ്ക്കണം. തദ്ദേശീയരായിട്ടുള്ള ആളുകളില്ലേ അവർക്കും ജീവിക്കാനുള്ള അവകാശം ഭരണഘടന കൊടുക്കുന്നില്ലേ; അവർക്കുണ്ടാകുന്ന ജീവിത പ്രയാസങ്ങളും പ്രശ്നങ്ങളുമൊക്കെയില്ലേ; പരിസ്ഥിതി സംബന്ധിച്ച കാര്യങ്ങളിൽ തീരുമാനമെടുക്കുമ്പോൾ അവരുടെ അഭിപ്രായങ്ങൾ കേൾക്കുകയും ആ കാര്യങ്ങൾ ചെയ്യുകയും വേണ്ടേ; അതിനെയെല്ലാം ബൈപ്പാസ് ചെയ്യുന്ന ഈ ബിൽ കേരളത്തിലെ പൊതുജനങ്ങളുടെ അഭിപ്രായത്തിനുവേണ്ടി വിടണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഒരു നരേഷൻ ഉണ്ടാക്കി അതൊരു ആയുധമാക്കി ഞങ്ങൾക്കെതിരെ പ്രയോഗിക്കുകയെന്നത് വ്യാമോഹം മാത്രമാണ്. ആ പഴയ വാൾ ഇനി അങ്ങനെ ഏശുകയില്ല. ഇത് പിന്നെയും പിന്നെയും പറഞ്ഞുകൊണ്ടിരിക്കുകയാണ്. കാരണം എല്ലാ കാര്യങ്ങളെയും തടസ്സപ്പെടുത്താൻവേണ്ടി സ്ഥിരമായുള്ള ആയുധങ്ങൾ, അതിന്റെയൊക്കെ വായ്ത്തല പോയി, ഇനി അത് പ്രയോഗിച്ചിട്ട് കാര്യമില്ല. കേരള നെൽവയൽ-

തണ്ണീർത്തട സംരക്ഷണ ആക്ടിനെ ബൈപ്പാസ് ചെയ്യുന്നില്ലെന്ന് ഞാൻ എത്ര പ്രാവശ്യം പറഞ്ഞു. ഒരു നിയമവും ഇതിൽ ബൈപ്പാസ് ചെയ്യുന്നില്ല. നിശ്ചിത സമയത്തിനകം സ്കീം നോട്ടിഫൈ ചെയ്യണമെന്നേയുള്ളൂ എന്ന് എത്ര പ്രാവശ്യം പറഞ്ഞു. പിന്നെയും ആ നരേഷൻ ഉണ്ടാക്കി പ്രസംഗിക്കേണ്ട വല്ല കാര്യവുമുണ്ടോ? പുതിയ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇൻവെസ്റ്റ്മെന്റ് ധാരാളം വരുന്നുണ്ടെന്ന് ഞാൻ പറഞ്ഞു. ഞാൻ ഉറപ്പിച്ച് പറയുന്നു, അഞ്ചുവർഷം നിങ്ങളുടെ ഇൻവെസ്റ്റ്മെന്റ് മീറ്റിന്റെ കാലത്ത് വന്നതിന്റെ ഇരട്ടി ഈ നൂറ് ദിവസത്തിനുള്ളിൽ വരുന്നത് നിങ്ങൾക്ക് ഞാൻ കാണിച്ചുതരാം. വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട ചോദ്യോത്തരവേളയിൽ ഞാൻ അക്കാര്യം പറഞ്ഞിട്ടുണ്ട്. മുഴുവനും വിശദീകരിക്കാൻ സമയം ലഭ്യമായില്ലെന്നേയുള്ളൂ. വലിയ മാറ്റമാണ്. ടാറ്റ എന്നല്ല അങ്ങനെ പലതും. മുഖ്യമന്ത്രി വളരെ സ്പെസിഫിക്കായി ആ വരി പിടിച്ച് പറഞ്ഞതാണ്. അത് അസത്യമൊന്നുമല്ല. ഒരുപാട് ഇൻവെസ്റ്റ്മെന്റ് വരികയാണ്.

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, വലിയ നിക്ഷേപങ്ങളെക്കുറിച്ച് അങ്ങ് പറഞ്ഞു. ഗവൺമെന്റ് ഒരു തുടർച്ചയാണല്ലോ. കഴിഞ്ഞ ഗവൺമെന്റിന്റെ

കാലത്ത് അന്നത്തെ മുഖ്യമന്ത്രി കേരളത്തോട് വലിയൊരു പ്രഖ്യാപനം നടത്തിയിരുന്നു. 3 ലക്ഷം കോടി രൂപയുടെ നിക്ഷേപം കേരളത്തിൽ നടത്താൻ കഴിയുമെന്ന് പറഞ്ഞുകൊണ്ട് അദ്ദേഹത്തെ ഏതോ ഒരു നിക്ഷേപകൻ വന്നുകണ്ടുവെന്നും അന്നത്തെ വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് മുഖാന്തരമാണ് വന്ന് കണ്ടതെന്നും അദ്ദേഹം പറഞ്ഞിരുന്നു. പക്ഷേ, ആ നിക്ഷേപകൻ ആരാണെന്നോ, എന്ത് മേഖലയിലാണ് നിക്ഷേപം നടത്താൻ ഉദ്ദേശിക്കുന്നതെന്നോ, മറ്റ് വിശദാംശങ്ങളോ ഒന്നും അന്നത്തെ മുഖ്യമന്ത്രി പറഞ്ഞിരുന്നില്ല. അത്തരം എന്തെങ്കിലും നിർദേശങ്ങളും ഗവൺമെന്റിന്റെ മുന്നിലുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ബഹുമാനപ്പെട്ട അംഗത്തിനോട് ഒരു കാര്യം പറയാം. നിക്ഷേപകരുടെ പേര് വെളിപ്പെടുത്താതെയിരിക്കുക എന്നുള്ളത് സർവസാധാരണമായ കാര്യമാണ്. ചില നിക്ഷേപകരുടെ പേര് വെളിപ്പെടുത്തരുതെന്ന് അവർ ആവശ്യപ്പെടും. എന്നോടുതന്നെ വൻകിട നിക്ഷേപങ്ങൾ ഫൈനലൈസ് ചെയ്തിട്ട് പത്രക്കാരോട് പറഞ്ഞാൽ മതിയെന്ന് പറഞ്ഞ നാലഞ്ച് നിക്ഷേപകരുണ്ട്. ഞാൻ പറയുന്നില്ല.

മുഖ്യമന്ത്രി പറയാത്തതിന്റെ കാരണമെന്താണെന്നുവച്ചാൽ അങ്ങനെ ചില നിക്ഷേപകരുടെ പേര് പറയാൻ സാധിക്കില്ല. അത് ഷെയർ മാർക്കറ്റിൽ ഇൻഫ്ലുവൻസ് ചെയ്യും. മുഴുവൻ അപ്രൂവൽ ഇല്ലാതെ അവർക്ക് പറയാൻ സാധിക്കില്ല. അതുകൊണ്ട് ഫൈനലൈസ് ചെയ്തിട്ട് പറഞ്ഞാൽ മതിയെന്ന് നിക്ഷേപകർ പറയുന്നത് സർവസാധാരണമാണ്. അവരുടെ പേര് എടുത്തുപറയാൻ കഴിയും. പക്ഷേ, ഇപ്പോൾ വേണ്ട കുറച്ചുകഴിഞ്ഞ് പേര് വെളിപ്പെടുത്തിയാൽ മതിയെന്ന് അവർ പറഞ്ഞതുകൊണ്ടാണ് ഞാൻ പറയാത്തത്. വിഴിഞ്ഞം പോർട്ട് വന്നതിനുശേഷമുള്ള കാലഘട്ടത്തിൽ ധാരാളം വൻകിട വ്യവസായങ്ങൾ വരുന്നുണ്ട്. നിങ്ങളത് കാണാൻ പോകുന്നതേയുള്ളൂ. അതുകൊണ്ട് കാര്യങ്ങൾ നിങ്ങൾ പറഞ്ഞതുപോലെയല്ല. ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ ഞങ്ങളൊക്കെ വന്ന് സഹകരിച്ചതാണ്. നിങ്ങൾ ഇനിയെങ്കിലും ഒന്ന് സഹകരിക്കാൻ നോക്കൂ. ഞങ്ങൾ പോസിറ്റീവായാണ് പറഞ്ഞത്. നരേഷനുണ്ടാക്കി ഇതിനെ കൊല ചെയ്യാമെന്ന് വിചാരിച്ചാൽ നടക്കുകയില്ല. ഒരു നിയമവും ബൈപ്പാസ് ചെയ്യുന്നില്ല. ഫയലിന്റെ പുറത്ത് അടയിരിക്കരുതെന്ന് മാത്രമാണ് സർ

(സിംപ്ലിഫൈഡ് & ആക്സിലറേറ്റഡ് റെഗുലറേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിംഗ്) കേരളം ബിൽ കൊണ്ടുവന്നുകൊണ്ട് എനിക്ക് പറയാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എറണാകുളത്തുവച്ച് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് നടത്തി. പ്രതിപക്ഷനേതാവെന്ന നിലയിൽ എന്നെയും ക്ഷണിച്ചിരുന്നു. കേന്ദ്രമന്ത്രി ശ്രീ. പീയുഷ് ഗോയൽ ആണ് വന്നത്. ഞാൻ പൂർണ്ണമായ പിന്തുണ വാഗ്ദാനം ചെയ്തു. കേരളം ഇതാണെന്നും ഞങ്ങളെല്ലാം ഒറ്റക്കെട്ടാണെന്നും ഒരു കുഴപ്പവും കേരളത്തിലുണ്ടാകില്ലെന്നും ധൈര്യമായി വന്ന് ഇൻവെസ്റ്റ് ചെയ്യാമെന്നും അന്നത്തെ പ്രതിപക്ഷനേതാവായ ഞാൻ പറഞ്ഞു. കേരളത്തിന്റെ ചരിത്രത്തിലാദ്യമായി ഒരു ഹർത്താൽപോലും നടത്താത്ത ആദ്യത്തെ പ്രതിപക്ഷമാണ് ഞങ്ങളെന്നും പറഞ്ഞു. റോങ് മെസേജ് കേരളത്തിൽനിന്നും പുറത്തേക്ക് പോയിട്ടുണ്ട്. ഇനിയൊരു റോങ് മെസേജും വേണ്ട, ഇങ്ങോട്ട് വന്നോളൂ എന്ന് പറഞ്ഞു. ഞാൻ പ്രസംഗിച്ച്

തിരിച്ചുവന്നപ്പോൾ അന്നത്തെ മുഖ്യമന്ത്രിയെയും എന്നെയും ചേർത്ത് നിർത്തി കേന്ദ്രമന്ത്രി ശ്രീ. പീയുഷ് ഗോയൽ പറഞ്ഞത്, I have never seen an opposition like this anywhere else in India എന്നാണ്. ഇതുപോലൊരു പ്രതിപക്ഷത്തിനെ, ഗവൺമെന്റുമായി ഇത്തരം കാര്യങ്ങളിൽ പൊതുതാൽപര്യത്തിനുവേണ്ടി സഹകരിക്കുന്നൊരു പ്രതിപക്ഷത്തെ ഞാൻ ഇന്ത്യയിലൊരു സ്ഥലത്തും കണ്ടിട്ടില്ലെന്ന് പരസ്യമായിട്ടാണ് കേന്ദ്രമന്ത്രി പറഞ്ഞത്. ഏത് കാര്യത്തിനാണ് ഞങ്ങൾ എതിര് നിന്നിട്ടുള്ളത്. എല്ലാ കാര്യത്തിനും ഞങ്ങൾ സപ്പോർട്ട് ചെയ്തിട്ടുണ്ട്. നിങ്ങൾ പ്രതിപക്ഷത്തായപ്പോൾ ആറ്റിറ്റ്യൂഡ് മാറ്റരുത് എന്നാണ് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി പറഞ്ഞത്. നെഗറ്റീവ് എന്നുപറഞ്ഞ് റോങ് മെസേജ് പോകരുത്. നമ്മുടെ കേരളമാണ്, അതാണ് ഞാൻ പറഞ്ഞത്.

ശ്രീ. സജി ചെറിയാൻ: സർ, ഒരു ഗവൺമെന്റിന്റെ തുടർച്ചയാണ് ഈ ഗവൺമെന്റ്. ഈ ഗവൺമെന്റ് ഇത്തരം കാര്യങ്ങളിൽ എടുക്കുന്ന എല്ലാ നല്ല

സമീപനങ്ങളെയും ആത്മാർഥമായി ഞങ്ങൾ പിന്തുണയ്ക്കുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. ഒരു വിഷയമെന്താണെന്ന് വച്ചാൽ, ഇപ്പോൾ ഇവിടെയൊരു ബിൽ ബഹുമാനപ്പെട്ട മന്ത്രി മുന്നോട്ടുവച്ചു. ആ ബില്ലിന്മേൽ രാഷ്ട്രീയമായ പ്രശ്നങ്ങൾ കൊണ്ടുവരാൻ ശ്രമിച്ചതുകൊണ്ടാണ് മറുപടി നൽകിയത്. അതിന്റെ ആവശ്യം ആ ബില്ലിന്മേൽ ഇല്ല. അങ്ങ് സുതാര്യമായിട്ടാണ് ഇക്കാര്യം ചെയ്യുന്നതെങ്കിൽ അത് ഞങ്ങളെക്കൂടി ബോധ്യപ്പെടുത്തിയാൽ നമുക്ക് യോജിച്ച് മുന്നോട്ടുപോകാമെന്ന നിലപാടാണ് ഞങ്ങൾക്കുള്ളത്. ആ നിലപാട് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഇക്കാര്യത്തിൽ 100 ശതമാനം അത് ബോധ്യപ്പെടുത്താൻ ഞങ്ങൾക്ക് കഴിയും. കാരണം കേരളത്തിൽ പാസ്സാക്കിയ ഒരു നിയമത്തിന്റെയും സ്ക്രൂട്ടിണിയില്ലാതെ ഈ അതോറിറ്റിയിലേക്ക് കൊണ്ടുവരുന്നതേയില്ല. ഓരോന്നിന്റെയും പ്രിലിമിനറി പരിശോധനയ്ക്ക് 10 ദിവസം, പിന്നെ 20 ദിവസം, ഫൈനലിന് 75 ദിവസം.

അതിനുശേഷം പാസ്സാക്കാം, റിജക്ട് ചെയ്യാം. തണ്ണീർത്തടമാണ്, ഒരു വലിയ വെള്ളക്കെട്ടാണ് അവിടെ അംഗീകാരം കൊടുക്കാൻ സാധിക്കില്ലെന്നുണ്ടെങ്കിൽ കമ്മിറ്റിക്ക് അത് റിജക്ട് ചെയ്യാം. അതിൽ കൃഷി വകുപ്പുമന്ത്രിയുണ്ടാകും, കൃഷി വകുപ്പിന്റെ സെക്രട്ടറിയുണ്ടാകും, പരിസ്ഥിതി വകുപ്പ് സെക്രട്ടറിയുണ്ട്. ഇല്ലാത്തൊരു കാര്യം ഇങ്ങനെ വെറുതെ പറഞ്ഞ് കുഴപ്പമാക്കേണ്ടെന്ന് അങ്ങ് എല്ലാ മെമ്പർമാരോടും പറഞ്ഞുകൊടുത്താൽ മതി.

മി. സ്പീക്കർ: ശ്രീ. തോമസ് ഉണ്ണിയാടൻ, '2026-ലെ സരൾ (സിംപ്ലിഫൈഡ് & ആക്സിലറേറ്റഡ് റെഗുലേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിംഗ്) കേരളം ബിൽ' പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. പ്രസാദ്, '2026-ലെ സരൾ (സിംപ്ലിഫൈഡ് & ആക്സിലറേറ്റഡ് റെഗുലറേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിംഗ്) കേരളം ബിൽ' ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. പ്രസാദ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2026-ലെ സരൾ (സിംപ്ലിഫൈഡ് & ആക്സിലറേറ്റഡ് റെഗുലറേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിംഗ്) കേരളം ബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്കയക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഇക്കാര്യം നമുക്ക് യുണാനിമസായി തീരുമാനിക്കാമോ? ഇപ്പോൾ പറഞ്ഞതിന്റെ കൺക്ലൂഷൻ വന്നിരിക്കുന്നത്, ശ്രീ. സജി ചെറിയാന്റെ അവസാനത്തെ വാക്കാണ് ഞാൻ അങ്ങോട്ട് ചോദിക്കുന്നത്.

അങ്ങനെയാണെങ്കിൽ ഇതിനെ അനുകൂലിച്ചുകൂടേ? എന്തെങ്കിലും മാറ്റമുണ്ടെങ്കിൽ സബ്ജക്ട് കമ്മിറ്റിയിൽ പരിഗണിച്ചാൽ പോരെ. അതുകൊണ്ട് ആ കടമ്പയിലേക്ക് കടക്കുന്നതിൽ നമുക്ക് എല്ലാവർക്കും യോജിക്കാം. ഇക്കാര്യത്തിൽ കേരളം ഒന്നാണെന്നത് പുറത്തുവരട്ടെ; ജനങ്ങൾ അറിയട്ടെ.

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ഓർഡർ....ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും ഒക്ടോബർ 16-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2026 ഒക്ടോബർ 16-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ വൈകുന്നേരം 6.22-ന് പിരിഞ്ഞു.)

* * * * * * * * *